# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുമാരംപുത്തുര് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA PKD9-1368/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 16/12/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരംപുത്തൂര് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുമാരംപുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരംപുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD9-1368/21 തീയ്യതി: 16/12/2021

## പാലക്കാട് ജില്ലയിലെ കുമാരംപുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കുമാരംപുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2020 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ .എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 04-10-2021 | 23-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 23-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ:നസ്സീർ .ടി.കെ -ഓഡിറ്റ് ഓഫീസർ
ശ്രീ:ശിവപ്രസാദ്.എം -അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി:താരീഖ് .എം.എസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ:മോഹനൻ .കെ.എ -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ:ഗോപാലകൃഷണൻ.സി | സെക്രട്ടറി | 01-04-2020 | 22-10-2020 |
| ശ്രീ.രാധാകൃഷ്ണൻ.കെ.വി | സെക്രട്ടറി | 23-10-2020 | 01-12-2020 |
| ശ്രീമതി:രാഗിണി .എ).ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-12-2020 | 31-03-2021 |
| ശ്രീ.ഹംസ.കെ.പി | പ്രസിഡന്റ് | 01-04-2019 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2020 | 20-12-2020 |
| ശ്രീമതി:ലക്ഷ്മിക്കുട്ടി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റഷീദ് .ഇ | അസി.എൻജിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശാന്തി എലിസബത്ത് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ..സെയ്ത് അബുബക്കർ സിദ്ധിക്ക് | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീ.വിജയകുമാർ .കെ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീലത.കെ | ICDS സൂപ്പർ വൈസർ | 01-04-2020 | 31-03-2021 |
| ഡോ.അബ്ദുൾ റഷീദ്.വി.പി | മെഡിക്കൽ ഓഫീസർ (PHC) | 01-04-2020 | 31-03-2021 |
| ഡോ.മീര .ആർ | മെഡിക്കൽ ഓഫീസർ (ISM) | 01-04-2020 | 23-02-2021 |
| ഡോ.ആശ.പി | മെഡിക്കൽ ഓഫീസർ (ISM) | 24-02-2021 | 31-03-2021 |
| ശ്രീ.സുബൈർ.എം | വി.ഇ.ഒ | 01-04-2020 | 31-10-2020 |
| ശ്രീ.യാസർ അറഫാത്ത് | വി.ഇ.ഒ | 01-11-2020 | 31-03-2021 |
| ശ്രീമതി.റംലബീവി | അസി.സെക്രട്ടറി | 01-04-2020 | 28-07-2020 |
| ശ്രീമതി.രാഗിണി.എ).ആർ | അസി.സെക്രട്ടറി | 29-07-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 16-10-2021) | 1-1 |
| 2 | യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത ബജറ്റ്<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 30-11-2021) | 1-1-1 |
| 3 | നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: M.S.Tharick (Senior Grade Auditor, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 15-12-2021) | 1-2 |
| 5 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: M.S.Tharick (Senior Grade Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: M.S.Tharick (Senior Grade Auditor, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 30-11-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ranjith. R (Auditor, On 17-12-2021) | 1-4 |
| 8 | ഫണ്ട് വിനിയോഗം- 0.64 കോടി സർക്കാർ ഗ്രാന്റെ് ലാപ്സാക്കി<br>Written By: T.K.Naseer (Audit Officer, On 16-10-2021)<br>Last Updated By: Ranjith. R (Auditor, On 17-12-2021) | 1-4-1 |
| 9 | പദ്ധതി അവലോകനം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 01-12-2021) | 1-6 |
| 11 | ക്ഷേമ പെൻഷൻ<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 28-10-2021) | 1-7 |
| 12 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 28-10-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ranjith. R (Auditor, On 17-12-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റ വിവരം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ranjith. R (Auditor, On 17-12-2021) | 1-10 |
| 15 | പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് -ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 06-12-2021)<br>Last Updated By: Ranjith. R (Auditor, On 17-12-2021) | 1-11 |
| 16 | ലൈസൻസിനായുള്ള അപേക്ഷാ ഫോറത്തിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നില്ല<br>Written By: Mohanan K.A (Auditor, On 16-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-12 |

| | | |
|---|---|---|
| 17 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 18-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-13 |
| 18 | വിവിധ വാണിജ്യം/വാണിജ്യേതര കെട്ടിട ഉടമകൾ വസ്തു നികുതിയിനത്തിൽ വലിയ കുടിശ്ശിക അടവാക്കുന്നില്ല.<br>Written By: Mohanan K.A (Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-14 |
| 19 | കുറവായി അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചു -വരുമാന നഷ്ടം<br>Written By: Mohanan K.A (Auditor, On 26-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-14-1 |
| 20 | അനധികൃത കെട്ടിട നിർമ്മാണങ്ങൾ -തുടർ നടപടിയും മോണിട്ടറിങ്ങും കാര്യക്ഷമമല്ല<br>Written By: Mohanan K.A (Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-15 |
| 21 | മൊബൈൽ ടവർ- വസ്തു നികുതി കുടിശ്ശിക 57434/- രൂപ ഈടാക്കിയിട്ടില്ല- പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ചോർച്ച<br>Written By: Mohanan K.A (Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-16 |
| 22 | വേക്കൻസി റമിഷന് ലഭിച്ച അപേക്ഷകൾ അനുബന്ധരേഖകൾ, പഞ്ചായത്ത് തീരുമാനം എന്നിവ ഹാജരാക്കേണ്ടതാണ്.<br>Written By: Mohanan K.A (Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-17 |
| 23 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി നിർവ്വഹണം നടത്താത്തത് സംബന്ധിച്ച്<br>Written By: Mohanan K.A (Auditor, On 13-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-18 |
| 24 | ദുരിതാശ്വാസ നിധി -രൂപീകരിച്ചിട്ടില്ല<br>Written By: M.Sivaprasad (Asst. Audit Officer, On 06-12-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-19 |
| 25 | എസ്.എസ്.എ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്,<br>Written By: M.S.Tharick (Senior Grade Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-20 |
| 26 | തുല്യതാ പരീക്ഷ - പഠിതാക്കളുടെ കോഴ്സ് ഫീസ് അടവാക്കൽ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: M.S.Tharick (Senior Grade Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-21 |
| 27 | മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പൂർണ്ണ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല .<br>Written By: M.S.Tharick (Senior Grade Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-22 |
| 28 | അംഗനവാടികൾക്ക് ന്യൂട്രിമിക്സിന് പർച്ചേസ് ബില്ലിൽനിന്നും നിയമാനുസൃത ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല.<br>Written By: M.S.Tharick (Senior Grade Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-23 |
| 29 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-24 |

| | | |
|---|---|---|
| | Written By: M.S.Tharick (Senior Grade Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | |
| 30 | പട്ടികജാതി വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം-ജില്ലാ കലക്ടറുടെ അനുമതി വാങ്ങാതെ ധനസഹായം നൽകി<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-25 |
| 31 | എസ്.സി വിദ്യാർത്ഥികൾക്ക് സ്റ്റഡി ടേബിൾ വാങ്ങൽ - വാങ്ങൽ നടപടി ക്രമപ്രകാരമല്ല<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-26 |
| 32 | എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്ന<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-27 |
| 33 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് -മോണിറ്ററിംഗ് ഫലപ്രദമല്ല<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-28 |
| 34 | SC കുടുംബങ്ങൾക്ക് PVC വാട്ടർ ടാങ്ക് -വാങ്ങൽ നടപടിയിൽ സുതാര്യത ഉറപ്പ് വരുത്തിയില്ല<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-29 |
| 35 | MGNREGS-മെറ്റീരിയൽ പർച്ചേസ് -TDS ഈടാക്കി അടവാക്കിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-30 |
| 36 | മരാമത്ത് പ്രവർത്തി -പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ<br>Written By: T.K.Naseer (Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-31 |
| 37 | മരാമത്ത് പ്രവർത്തി-കരാർ ചമയ്ക്കുന്നതിൽ കാലതാമസം ഫൈൻ ഈടാക്കിയതിൽ കുറവ്<br>Written By: T.K.Naseer (Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-32 |
| 38 | മരാമത്ത് പ്രവർത്തി- TDS ഈടാക്കി അടവാക്കിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-33 |
| 39 | പമ്പ് ഹൗസിന് മോട്ടോർ വാങ്ങൽ- പഴയത് സ്റ്റോക്കിലെടുത്തിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-34 |
| 40 | ഡപ്പോസിറ്റ് പ്രവൃത്തി- തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കണം<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-35 |
| 41 | തെരുവ് വിളക്ക് എ.എം.സി -അപാകതകൾ<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-36 |
| 42 | കോവിഡ് പ്രതിരാധപ്രവർത്തനങ്ങൾ -അവലോകനം<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-37 |
| 43 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല | 1-38 |

| | | |
|---|---|---|
| | Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | |
| 44 | തെരുവ് വിളക്ക് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ, കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-39 |
| 45 | തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നത് സംയുക്തപരിശോധന റിപ്പോർട്ട് അടിസ്ഥാനമാക്കി പുനർനിർണ്ണയിക്കേണ്ടതാണ്.<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-40 |
| 46 | ഐ കെ എം ന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-41 |
| 47 | ദിവസവേതന അടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ നിയമിച്ചു<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-42 |
| 48 | മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-43 |
| 49 | KWA കൈമാറിയ കുടിവെള്ള പദ്ധതികൾ- പഞ്ചായത്തിന് ബാദ്ധ്യതയാവുന്നു<br>Written By: M.Sivaprasad (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 1-44 |
| 50 | അംഗനവാടികൾക്ക് ഷീറ്റ് മേയൽ -ട്രസ്സ് വർക്കിന് അധിക നിരക്ക് അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 27-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 12-12-2021) | 1-45 |
| 51 | കൃഷി ഓഫീസിന് മീറ്റിങ് ഹാൾ നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 27-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 12-12-2021) | 1-46 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അംഗനവാടികൾക്ക് ഷീറ്റ് മേയൽ -ട്രസ്സ് വർക്കിന് അധിക നിരക്ക് അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 12-12-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 30-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് സംബന്ധിച്ച്<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 30-10-2021) | 4-4 |
| 5 | വായ്പ തിരിച്ചടവ്<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 05-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 30-10-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ് നടപടി വിവരം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 05-10-2021) | 4-9 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 4-10 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Anish A (Computer Assistant, On 17-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബജറ്റ്

വാർഷിക ബജറ്റ് സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച **'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ'** അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

21-03-2020-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. (1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 22-2-2021 ലെ 4 (1) തീരുമാനപ്രകാരം പാസാക്കിയിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 8085311 |
| തൻവർഷ പ്രതീക്ഷിത വരവ് | 215738500 |
| ആകെ പ്രതീക്ഷിത വരവ് | 223823811 |
| പ്രതീക്ഷിത ചെലവ് | 219486500 |
| നീക്കിയിരിപ്പ് | 4337311 |

### 1-1-1 യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത ബജറ്റ്

യഥാർത്ഥ വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 16923949 |
| തൻവർഷം വരവ് | 90327315 |
| ആകെ വരവ് | 107251264 |
| ചെലവ് | 93889963 |
| നീക്കിയിരിപ്പ് | 13361301 |

യഥാർത്ഥ്യബോദ്ധ്യത്തോടുകൂടിയ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ഗ്രാമ പഞ്ചായത്തിൻറ 2020-21 ബജറ്റ് ഫയലും മിനിറ്റ്സുകളും പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളോട് നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടതും , നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോപ്പോസലുകൾ ലഭ്യമാക്കിയതുമായ രേഖകൾ ഫയലിൽ കാണുന്നില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് മാന്വലിൽ നിർദ്ദേശിക്കപ്പെട്ട സമയക്രമം പാലിച്ചതായും കാണുന്നില്ല.

തുടർവർഷങ്ങളിൽ ബജറ്റ് നടപടികളുടെ സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-7-2021 | 26-05-2021 | - | - |

**1-2-1 വാർഷിക കണക്കിലെ അപാകതകൾ**

1) പെർമിറ്റ് ഫീ ഇനത്തിൽ 2020-21 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 202914/-രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവു വന്ന രേഖപ്പെടുത്തലുകളുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീയിനത്തിൽ 301928/-രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവുവന്നതിന്റെ രേഖപ്പെടുത്തലുകൾ ഇല്ല.

3) ഡി & ഒ ലൈസൻസ്-രജിസ്റ്റർ പ്രകാരമുള്ള അഡ്വാൻസ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4) തൊഴിൽ നികുതി - രജിസ്റ്റർ പ്രകാരമുള്ള ഡിമാൻറ്റ് , കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

5) സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമായിട്ടില്ല.

6) സംയുക്ത പ്രൊജക്ട് ഫണ്ട് Schedule B-4പ്രകാരം ബ്ലോക്ക് പഞ്ചായത്ത്- 100,356/- നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

7) വെള്ളക്കര രജിസ്റ്റർ കാലികമാക്കിയത് ഹാജരാക്കിയിട്ടില്ല.

വാർഷിക കണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

8) ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചില്ല. ആയതിനാൽ സംഖ്യയിലെ ആസ്തി മൂല്യം കൃത്യമായി പ്രതിഫലിക്കുന്നില്ല.

9)സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ സമയബന്ധിതമായി ചെലവഴിക്കാതിരുന്നിട്ടും അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടച്ചിട്ടില്ല.

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 16923949 |
| വരവ് | 90327315 |
| ആകെ | 107251264 |
| ചെലവ് | 93889963 |
| നീക്കിയിരിപ്പ് | 13361301 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ(ജനറൽ) | 0 | 15794510 | 15794510 | 14425043 | 1369467 | 91% |
| പ്ലാൻ (SCP) | 0 | 9109356 | 9109356 | 8853136 | 256220 | 97% |
| പ്ലാൻ (TSP) | 0 | 520970 | 520970 | 520970 | 0 | 100% |
| CFC (BASIC ) | 0 | 7667703 | 7667703 | 7618521 | 49182 | 99% |
| CFC (TIED) | 0 | 6440000 | 6440000 | 1690099 | 4749901 | 26% |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് (MG) | 0 | 14114000 | 14114000 | 14092146 | 21854 | 99% |
| റോഡിതരം(MG) | 0 | 4660383 | 4660383 | 4610617 | 49766 | 99% |

<u>കേന്ദ്രാവിഷ്കൃതം</u>

<u>1. ICDS</u>

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1419772 | 2293383 | 3713155 | 1858576 | 1854579 |
| SSA ഫണ്ട് | 15428 | 0 | 15428 | 15428 | 0 |
| BRGF ഫണ്ട് | 70473 | 0 | 70473 | 0 | 70473 |

<u>2. തൊഴിലുറപ്പ് പദ്ധതി</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4606 | 763254 | 767860 | 754905 | 12955 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 34735761 | 34735761 | 34735761 | 0 |

<u>3. ശുചിത്വ ഫണ്ട്</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 1770000 | 0 | 1770000 | 444000 | 1326000 |

<u>സംസ്ഥാനാവിഷ്കൃതാവിഷ്കൃതം</u>

<u>ശുചിത്വ മിഷൻ ഗ്രാന്റ്</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 798271 | 4684651 | 5482922 | 3559651 | 1923271 |

<u>സംയുക്ത പ്രൊജക്ടുകൾ</u>

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 1482634 | 0 | 1482634 | 1482634 | 0 |
| ബ്ലോക്ക് | 107215 | 350000 | 457215 | 356856 | 100359 |

(ജില്ലാപഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകിയ തുക ഉൾപ്പെട്ടിട്ടില്ല)

**<u>1-4-1 ഫണ്ട് വിനിയോഗം- 0.64 കോടി സർക്കാർ ഗ്രാന്റ് ലാപ്സാക്കി</u>**

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 15794510 | 15794510 | 14425043 | 1369467 | 91% |
| പ്ലാൻ (SCP) | 0 | 9109356 | 9109356 | 8853136 | 256220 | 97% |
| പ്ലാൻ (TSP) | 0 | 520970 | 520970 | 520970 | 0 | 100% |
| CFC (BASIC) | 0 | 7667703 | 7667703 | 7618521 | 49182 | 99% |
| CFC (TIED) | 0 | 6440000 | 6440000 | 1690099 | 4749901 | 26% |
| റോഡ് (MG) | 0 | 14114000 | 14114000 | 14092146 | 21854 | 99% |
| റോഡിതരം (MG) | 0 | 4660383 | 4660383 | 4610617 | 49766 | 99% |
| ആകെ | 0 | 58306922 | 58306922 | 51810532 | 6496390 | 89% |

സമയ ബന്ധിതമായി പ്രൊജക്ടുകൾ നിർവ്വഹണം നടത്തുന്നതിന്ന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 352 | 146114516 | 277 | 79975973 | 0 | 75 | 79% |

അംഗീകാരം ലഭ്യമായ പ്രോജക്ടുകളിൽ 79% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 55% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

1-5-1

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രൊജക്ട് | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 16 | 9 | 7 | 3682690 | 1451171 | 39% |
| വെറ്റിനറി സർജ്ജൻ | 12 | 12 | 0 | 6157850 | 3381150 | 55% |
| MO (PHC) | 11 | 9 | 2 | 2457775 | 1245998 | 51% |
| M.O (ആയുർവ്വേദം) | 1 | 1 | 0 | 300000 | 300000 | 100% |
| VEO | 17 | 15 | 2 | 44635040 | 14458891 | 32% |
| ICDS | 15 | 14 | 1 | 11682300 | 9053164 | 77% |
| DEO | 3 | 2 | 1 | 2232684 | 1232684 | 55% |
| സെക്രട്ടറി | 24 | 19 | 5 | 10388835 | 8125258 | 78% |
| അസി.എൻജി. | 228 | 177 | 51 | 56960642 | 34736659 | 61% |
| ഹെഡ് മാസ്റ്റർ | 10 | 6 | 4 | 1595000 | 1175665 | 74% |
| അസി.സെക്രട്ടറി | 15 | 13 | 2 | 6021700 | 4815333 | 80% |
| ആകെ | 352 | 277 (79%) | 75 | 146114516 | 79975973 | 55% |

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി "സുഭിക്ഷ കേരളം" പദ്ധതിയുടെ ഭാഗമായി സർക്കാർ നിർദ്ധേശപ്രകാരമുള്ള പ്രോജക്ടുകൾ അംഗീകാരം വാങ്ങി നടപ്പാക്കിയിട്ടില്ല.

അതാതു സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. | 4606 | 763254 | 767860 | 754905 | 12955 |

| | | | | | |
|---|---|---|---|---|---|
| എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 34735761 | 34735761 | 34735761 | 0 |

2020-21 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 4072 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 1425 പദ്ധതികളിൽ 152 എണ്ണം നടപ്പാക്കി. ഇതിൽ 87 പദ്ധതികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തികൾ 30 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.
അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 7522400 | 500 |
| 3 | വിധവാ പെൻഷൻ | 22686100 | 1499 |
| 4 | വാർദ്ധക്യകാല പെൻഷൻ | 30087300 | 2116 |
| 5 | വികലാംഗ പെൻഷൻ | 6114500 | 402 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 796700 | 80 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.10.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹22788/- (ഇരുപത്തിരണ്ടായിരത്തി എഴുനൂറ്റി എൺപത്തി എട്ട് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

(1)കെട്ടിടനികുതി കുടിശ്ശികയായി വലിയ തുകയുള്ളത് പിരിച്ചെടുക്കുന്നതിൽ ധനകാര്യ സ്റ്റാൻറിങ് കമ്മറ്റി ഇടപെടൽ കാര്യക്ഷമമല്ല. കെട്ടിട നികുതി അസസ്സമെന്റ് നികുതി ചോർച്ച ഉണ്ടായത് തുടർനടപടി സ്വീകരിക്കണം.

(2)വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ സെക്ഷനുകൾ കൃത്യത ഉറപ്പാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥർ പരിശോധിക്കാത്തതിനാൽ നികുതിയിനത്തിൽ കുറവുണ്ടാകുന്നുണ്ട്. സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കാലാകാലങ്ങളിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഉറപ്പാക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(3)സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ബാക്കി തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. വായ്പാ തുകയുടെ തിരിച്ചടവിന്റെ കൃത്യത നിരീക്ഷിക്കുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(4)വിവിധ സെക്ഷനുകൾക്ക് ഏൽപ്പിച്ച് നൽകുന്ന ചുമതലകൾ സമയബന്ധിതമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനായി ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

(5)ടെൻണ്ടർ നടപടികളിൽ സുതാര്യത ഉറപ്പ് വരുത്തണം. കരാർ നടപടികൾ പൊതുമരാമത്ത് ചട്ടങ്ങൾ, സ്റ്റാമ്പ് ആക്ട് , എന്നിവ അനുസരിച്ച് നടപ്പിലാക്കേണ്ടതാണ്. ബില്ലുകൾ GST നിയമങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പ് വരുത്തണം.
(6) മരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണ സമയം ദീർഘിപ്പിക്കൽ "പൊതുമരാമത്ത് മാന്വൽ അടിസ്ഥാനത്തിൽ ആണെന്ന് ഉറപ്പാക്കണം

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2021 | 9/2020 | 20.7.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.4.2010 മുതൽ 22.4.2010 വരെ | 2009-10 | 28.5.2010 |

ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗുരുതരമായ പരാമർശ്ശങ്ങൾ ഉൾപ്പെട്ടിട്ടില്ല. സമയ ബന്ധിതമായ തുടർനടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.

**1-11 പഞ്ചായത്ത് ഷോപിങ് കോംപ്ലക്സ് -ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് നിയമം വകുപ്പ് അനുശാസിക്കും പ്രകാരം ഷോപ്പിങ് കോംപ്ലക്സ് ബൈലോ പ്രസിദ്ധീകരിച്ച്, സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല. നാളിതുവരെയും ബൈലോ അംഗീകൃതമാക്കുന്നതിനുള്ള യാതൊരു തുടർനടപടിയും നടന്നിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് നിയമം, പ്രകാരം ഏതെങ്കിലും ബൈലോയോ, റഗുലേഷനോ അവയുടെ റദ്ദാക്കലോ വ്യത്യാസപ്പെടുത്തലോ അത് സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. കാലാനുസൃതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ അംഗീകൃതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12 ലൈസൻസിനായുള്ള അപേക്ഷാ ഫോറത്തിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2020-21 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും മൂലധനനിക്ഷേപം ഉൾപ്പെടെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-13 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല**

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൻ പ്രകാരം റേഷൻ കട, കള്ള് ഷോപ്പ് എന്നീ സ്ഥാപനങ്ങളിലെ നടത്തിപ്പുകാർ , ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി 2020-2021 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

(ബി) താഴെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ജംഷീദ് . കെ. |
| 2 | അഷറഫ് .പി. |
| 3 | അൻസാർ .എ. |
| 4 | ഷറഫുദ്ദീൻ അലി |
| 5 | മുഹമ്മദ് ജിഷാർ |
| 6 | മുഹമ്മദ് മുസ്തഫ |
| 7 | മുഹമ്മദ് മുനീർ |
| 8 | മുഹമ്മദ് മുബാരിസ് |
| 9 | മുഹമ്മദ് ഷിഹാബുദ്ദീൻ |
| 10 | മുഹമ്മദ് ജംസീർ |
| 11 | റിയാസ് .ടി. |
| 12 | അലി .ടി. |

(മുൻവർഷത്തേ ഓഡിറ്റ് റിപ്പോർട്ടിലും ഇതു സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിച്ചിട്ടില്ല)

(സി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | മലയാളം മോട്ടോഴ്സ് (P) Ltd. | രണ്ടാം അർദ്ധവർഷം |
| 2 | പള്ളിക്കുന്ന് പോസ്റ്റ് ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 3 | കല്ലടി ഹൈസ്കൂൾ കുമരംപുത്തൂർ | രണ്ടാം അർദ്ധവർഷം |
| 4 | കുമരം പുത്തൂർ പോസ്റ്റ് ഓഫീസ് | രണ്ടാം അർദ്ധവർഷം |

(ഡി) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | കുമരംപുത്തൂർ സർവ്വീസ് സഹകരണ | ഒന്നും രണ്ടും |

| | | |
|---|---|---|
| | ബാങ്ക് | അർദ്ധവർഷം |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കുമരംപുത്തൂർ | ഒന്നാം രണ്ടാം അർദ്ധവർഷം |
| 3 | സ്പാൻ ധന സ്ഫൂർത്തി ഫിനാൻഷ്യൽ ലിമിറ്റഡ് | ഒന്നാം രണ്ടാം അർദ്ധവർഷം |
| 4 | ഇൻഫോക്സ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം രണ്ടാം അർദ്ധവർഷം |

തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം : നം. 07/20-21 / 08-10-2021)

**<u>1-14 വിവിധ വാണിജ്യം/വാണിജ്യേതര കെട്ടിട ഉടമകൾ വസ്തു നികുതിയിനത്തിൽ വലിയ കുടിശ്ശിക അടവാക്കുന്നില്ല.</u>**

1994 ലെ ലെകേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 200, 203, 207, ബന്ധപ്പെട്ട മറ്റ് ചട്ടങ്ങൾ, 2011ലെകേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) സഞ്ചയ സോഫ്റ്റ്‌വെയറിലുള്ള പരിശോധന, നികുതി പിരിവ്, പണം അടവാക്കൽ എന്നിവയുടെ കൃത്യത, ബാധകമായ നിയമവ്യവസ്ഥകളും മാനദണ്ഡങ്ങളും അടിസ്ഥാനമാക്കി നികുതി ചുമത്തൽ,നികുതി വരുമാനങ്ങളുടെലഭ്യത, നികുതി കുടിശ്ശിക ഈടാക്കപ്പെടുകയും ചെയ്യുന്നുണ്ടോ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ വാണിജ്യം/വാണിജ്യേതര കെട്ടിട ഉടമകൾ വസ്തു നികുതിയിനത്തിൽ വലിയ കുടിശ്ശിക വരുത്തുകയും നാളിതുവരെയായിട്ടും ആയത് പിരിച്ചെടുക്കുന്നതിൽ കാലതാമസവും വന്നിട്ടുണ്ടെന്ന് സഞ്ചയ സോഫ്റ്റ് വെയർ-അരിയർ ഡിമാന്റ് പരിശോധനയിൽ നിന്നും ബോദ്ധ്യമായി. വിശദാംശങ്ങൾ താഴെ കാണുക.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പേര്-വിലാസം | കുടിശ്ശിക തുക | വർഷം |
|---|---|---|---|---|
| 1 | 15/719 | കെ എം നൈനാൻ, കാട്ടുവെട്ടൂർ ഹൗസ് | 40928 | 2019 മുതൽ 2021 വരെ |
| 2 | 9/883 | അബ്ദുൽഖാദർ, തുമ്പകുഴിയിൽ | 17596 | 2020-21 |
| 3 | 8/778 | നൗഫൽ, പടിഞ്ഞാറ്റി വീട് | 20556 | 2019 മുതൽ 2021 വരെ |
| 4 | 9/701 | വി പി മൊയ്തീൻ, വട്ടപറമ്പിൽ | 22686 | 2016-16മുതൽ 2020-21 വരെ |
| 5 | 9/901 | അബ്ബാസ്(മനച്ചിത്തൊടി) | 11851 | 2020-21 വരെ |
| 6 | 15/581 | ഖാലിദ്, പൊന്നേത്ത് | 19962 | 2015-16 മുതൽ 2020-21 വരെ |
| 7 | 12/552 | അബ്ദുൾ കരീം, മല്ലിയിൽ വീട് | 17181 | 2018-19 മുതൽ 2020-21 വരെ |
| 8 | 9/857 | മുഹമ്മദ് ഷാഫി, കരിമ്പനക്കൽ | 14868 | 2019 മുതൽ 2021 വരെ |
| 9 | 2/247 | സെലീന, കൊറ്റംങ്ങോടൻ | 10962 | 2020-21 |
| | | | | |

| | | | | |
|---|---|---|---|---|
| 10 | 7/457 | ഉബൈസ് & ഏലിയാസ് | 18243 | 2015-16 മുതൽ 2020-21 വരെ |
| 11 | 15/716 | ഷാനവാസ് ഖാൻ, പൊള്ളക്കുന്നൻ ഹൗസ് | 35034 | 2018-19 മുതൽ 2020-21 വരെ |
| 12 | 15/662 | ഷാജിയ, പൊള്ളക്കുന്നൻ ഹൗസ് | 28553 | 2019 മുതൽ 2021 വരെ |

വാർഷി കണക്ക് പ്രകാരം ഈയിനത്തിൽ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| കെട്ടിട നികുതി (വാണിജ്യേതരം )- തൻ വർഷം | 695461 |
| കെട്ടിട നികുതി ( വാണിജ്യേതരം ) -കുടിശ്ശിക | 731746 |
| കെട്ടിട നികുതി (വാണിജ്യം)- തൻ വർഷം | 599003 |
| കെട്ടിട നികുതി (വാണിജ്യം)- കുടിശ്ശിക | 681689 |
| ആകെ | **2707899** |

കെട്ടിട നികുതിയിനത്തിൽ ഇത്രയും കുടിശ്ശികയുള്ളത് പിരിച്ചെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:25/20-21/20.10.21 )മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നികുതിയിനത്തിൽ ഇത്രയും കുടിശ്ശിക നിലനിൽക്കെ ആയത് പിരിച്ചെടുക്കാത്തത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻറിങ് കമ്മറ്റിയുടെ മോണിട്ടറിങ് കാര്യക്ഷമമല്ല. പരിധിയിൽ കൂടുതൽ തുകയ്ക്ക് തനത് ഫണ്ട് പ്രൊജക്ട് തയ്യാറാക്കുന്ന പഞ്ചായത്ത് തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനൊ കുടിശ്ശിക പിരിച്ചെടുക്കുന്നതിനൊ ശ്രദ്ധിച്ചിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെയും, സ്റ്റാൻറ്റിങ്ങ് കമ്മിറ്റിയുടെയും (ധനകാര്യം) പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്

<u>നിർദ്ദേശം</u>

1. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സെക്രട്ടറി, സ്റ്റാൻറ്റിങ്ങ് കമ്മിറ്റി (ധനകാര്യം) നടപടികൾ അറിയിക്കേണ്ടതാണ് പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

2. 1994 ലെ ലെകേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200, 203,207,ബന്ധപ്പെട്ട മറ്റ് ചട്ടങ്ങൾ, 2011ലെകേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-14-1 കുറവായി അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചു -വരുമാന നഷ്ട്ടം</u>

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന അടിസ്ഥാന വസ്തു നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ- 40 രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 60രൂപ / ച.മീ.

200ച.മീ. മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ- 70രൂപ / ച.മീ.

2020-21 സാമ്പത്തിക വർഷത്തിൽ 200ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വിഭജിച്ച് 100ച.മീ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളായി പരിഗണിച്ച് (40/ ച.മി) അടിസ്ഥാന വസ്തു നികുതി ഈടാക്കിയിട്ടുണ്ട്.

മുഹമ്മദ് ബഷീർ, കല്ല്യാണക്കാപ്പ്, മണ്ണാർക്കാട് എന്ന കെട്ടിട ഉടമയുടെ പ്ലാൻ പരിശോധിച്ചതിൽ ആകെ 179.86ച.മി തറ വിസ്തീർണ്ണമുള്ളതാണ്.

| കെട്ടിട നമ്പർ നൽകിയ വിവരം | വിസ്തീർണ്ണം ച.മി | ഈടാക്കിയ തുക BT+ LC | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 15/789 | 19.1 | 1445 | 19.1*40 | 19.1 *60 | |
| 15/790 | 34.06 | 1717 | 34.06 *40 | 34.06*60 | |
| 15/791 | 20.64 | 1301 | 20.64*40 | 20.64*60 | |
| 15/792 | 38.20 | 1831 | 38.20*40 | 38.20*60 | |
| 15/793 | 34.86 | 1671 | 34.86*40 | 34.86*60 | |
| 15/794 | 33 | 1970 | 33*40 | 33*60 | |
| ആകെ | 179.86 | | 7194.4 | 10791.6 | 3597.2 |

അടിസ്ഥാന വസ്തു നികുതി നിർണ്ണയത്തിൽ പഞ്ചായത്തിന് 2020-21 ൽ മാത്രം 3597.2 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് . ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-31/21-10-2021 മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായി പെർമ്മിറ്റ് ഫീ നിർണ്ണയിച്ചത് പുന പരിശോധിച്ച് ആയത് കൃത്യമായി കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. സെക്രട്ടറി, സ്റ്റാൻറ്റിങ്ങ് കമ്മിറ്റി (ധനകാര്യം) നടപടികൾ അറിയിക്കേണ്ടതാണ്. പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

2.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200, 203,207,ബന്ധപ്പെട്ട മറ്റ് ചട്ടങ്ങൾ, 2011ലെകേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 അനധികൃത കെട്ടിട നിർമ്മാണങ്ങൾ -തുടർ നടപടിയും മോണിട്ടറിങ്ങും കാര്യക്ഷമമല്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, അസ്സസ്സ്മെൻറ്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷങ്ങളിൽ ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ നൽകാതെയും പെർമിറ്റ് എടുക്കാതെയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം റെഗുലറൈസേഷൻ നടത്തിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വാർഷിക ധനകാര്യ പത്രിക പ്രകാരം 2019-20 വർഷത്തിൽ ബിൾഡിങ്ങ് റഗുലറൈസേഷൻ ഫീയിനത്തിൽ 146919/- രൂപയും 2020-21 വർഷത്തിൽ 301928/-വരവുണ്ട്. സെക്രട്ടറിയുടെ മുൻകൂർ അനുമതി (പെർമിറ്റ് )ലഭ്യമാക്കാതെയാണ് കൂടുതൽ നിർമ്മാണങ്ങളും പഞ്ചായത്ത് പ്രദേശത്ത് നടക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. സെക്രട്ടറിയുടെ മുൻകൂർ അനുമതി കൂടാതെ പഞ്ചായത്ത് പരിധിയിൽ യാതൊരു നിർമ്മാണ പ്രവർത്തികളും നടത്താൻ പാടില്ലെന്ന് കേരള പഞ്ചായത്ത് രാജ് നിയമം/ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ ഇത്തരം പെർമിറ്റ് കൂടാതെ നടക്കുന്ന അനധികൃത നിർമ്മാണങ്ങളിൽ കെട്ടിട നമ്പർ ആവശ്യമായി വരുന്നവ മാത്രമാവും [പുതിയ നിർമ്മാണങ്ങൾ] നിയമാനുസൃതം അപേക്ഷ നൽകി ക്രമവൽക്കരിക്കപ്പെടുന്നത്. പ്രത്യേകം കെട്ടിട നമ്പറുകൾ ആവശ്യമില്ലാത്ത നിർമ്മാണങ്ങൾ, അതായത് നിലവിലെ കെട്ടിടങ്ങളോട് കൂട്ടി ചേർത്തുള്ള നിർമ്മാണങ്ങളിൽ ഭൂരിഭാഗവും നിയമാനുസൃതം ക്രമവൽക്കരിക്കാതെ തന്നെ ഉപയോഗിക്കുന്നുണ്ട്. അത്തരം സംഗതികളിൽ ബിൽഡിംഗ് പെർമിറ്റ്, വസ്തു നികുതി തുടങ്ങിയ പഞ്ചായത്തിന്റെ തനത് വരുമാനങ്ങളിൽ ഭീമമായ തുക ചോർച്ചയുണ്ടായിട്ടുണ്ട്

ഫീൽഡ് പരിശോധനകൾ കാര്യക്ഷമമാക്കി സെക്രട്ടറിയിൽ നിന്നും മുൻകൂർ അനുമതി കൂടാതെ പഞ്ചായത്ത് പ്രദേശത്ത് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടോയെന്ന് ഭരണസമിതിയും

നിർവ്വഹണോദ്യോഗസ്ഥരും അന്വേഷിക്കേണ്ടതാണ്. അനുമതി കൂടാതെ ഏതെങ്കിലും നിർമ്മാണങ്ങൾ നടക്കുന്നത് ഫീൽഡ് പരിശോധനകളിൽ ബോധ്യപ്പെടുന്ന പക്ഷം ആയതിൻമേൽ സെക്രട്ടറി നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ചയുള്ളതായി ബോധ്യപ്പെട്ടു. ഉദാഹരണമായി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന “മദർ കെയർ ഹോസ്പ്പിറ്റൽ” ,വട്ടമ്പലം എന്ന സ്ഥാപനം 2008-09 വർഷം മുതൽ അനധികൃത നിർമ്മാണം നടത്തിയത് ഓഡിറ്റ് വർഷത്തിൽ ക്രമവൽക്കരിച്ചിട്ടുണ്ട്. വിവരം ചുവടെ

| Old No | New No |
|---|---|
| 4/81A | 15/235 |
| 4/81B | 15/236 |
| 4/81C | 15/470 (Pharmacy) |
| 4/81D | 15/471 |

1) നിലവിൽ 4426.16 M2 മെഡിക്കൽ ഹോസ്പ്പിറ്റൽ ബിൾഡിങ്ങ് (അനധികൃതമായി നിർമ്മിച്ചത്) പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (File No-6443/10-12-2018). ഈ അപേക്ഷയിൻമേൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) 2019-20, 2020-21 വർഷങ്ങളിൽ എത്ര കെട്ടിടങ്ങൾ( Residential, Non Residential) ക്രമവൽക്കരിച്ചിട്ടുണ്ട്. എന്ന ഓഡിറ്റ് എൻക്വയറിക്ക് (4/20-21/8.10.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## <u>1-16 മൊബൈൽ ടവർ- വസ്തു നികുതി കുടിശ്ശിക 57434/- രൂപ ഈടാക്കിയിട്ടില്ല- പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ചോർച്ച</u>

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 8 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ടവറുകളുടെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്(എ & പി) ആർക്കേഡ് ,കടവന്ത്ര ,കൊച്ചി എന്ന മൊബൈൽ ടവറിന്റെ ഉടമ 36644/- രൂപയും, ഇൻഡസ് ടവർസ് ലിമിറ്റഡ്, പാലാരിവട്ടം 20790/-രൂപയും നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്.

വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും യഥാസമയം നികുതി ഡിമാന്റ് ചെയ്ത് കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുക.

<u>നിർദ്ദേശം</u>

1. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സെക്രട്ടറി, സ്റ്റാൻറ്റിങ്ങ് കമ്മിറ്റി (ധനകാര്യം) നടപടികൾ അറിയിക്കേണ്ടതാണ് പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

2.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200, 203,207,ബന്ധപ്പെട്ട മറ്റ് ചട്ടങ്ങൾ, 2011ലെകേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-17 വേക്കൻസി റമിഷന് ലഭിച്ച അപേക്ഷകൾ അനുബന്ധരേഖകൾ, പഞ്ചായത്ത് തീരുമാനം എന്നിവ ഹാജരാക്കേണ്ടതാണ്.</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. ഏതെങ്കിലും

കെട്ടിടം ഒരു അർദ്ധവർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് ഉപയോഗിക്കപ്പെടാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. കെട്ടിട ഉടമയോ, അയാളുടെ ഏജന്റോ ആ കെട്ടിടം ഒഴിഞ്ഞ് കിടക്കുകയാണെന്നോ അല്ലെങ്കിൽ ആ കെട്ടിടം ഏത് തിയ്യതി മുതൽ ഒഴിഞ്ഞ് കിടക്കുമെന്നോ ഉള്ളതിലേക്ക് സെക്രട്ടറിക്ക് നോട്ടീസ് കൊടുത്തിട്ടില്ലായെങ്കിൽ സെക്രട്ടറി നികുതി ഇളവ് ചെയ്ത് കൊടുക്കാൻ പാടില്ലാത്തതാകുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ വേക്കൻസി റമിഷൻ നൽകിയ കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള ലിസ്റ്റ് പ്രകാരം 2020-21 വർഷത്തിൽ 20 കെട്ടിടങ്ങൾ വേക്കൻസി റമിഷന് അനുമതി നൽകിയിട്ടുണ്ട്. 2020-21 വർഷത്തിൽ 20കെട്ടിടങ്ങൾ വേക്കൻസി റമിഷന് അനുമതി നൽകിയത് പരിശോധിക്കുവാനായി ആ വർഷങ്ങളിൽ വേക്കൻസി റമിഷന് ലഭിച്ച അപേക്ഷകൾ അനുബന്ധരേഖകൾ, പഞ്ചായത്ത് തീരുമാനം എന്നിവ ഹാജരാക്കിയിട്ടില്ല.

<u>നിർദ്ദേശം</u>

1) നികുതിയിളവ് നൽകുന്നതിനുള്ള കാലം കണക്കാക്കേണ്ടത് ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടന്ന തീയതി മുതൽക്കോ, ഇതിൽ ഒടുവിൽ വരുന്നതേതാണോ ആ തീയ്യതി മുതൽ കണക്കാക്കേണ്ടതാണ്.

2) ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ട ഫയലുകൾ പരിശോധന സമയത്തുതന്നെ ഹാജരാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-18 ഡയറി എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി നിർവ്വഹണം നടത്താത്തത് സംബന്ധിച്ച്</u>

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 102/20-21 (കറവ പശുക്കൾക്ക് കാലിത്തീറ്റ) | അടങ്കൽ/ ഫണ്ടിനം | 1000000 (വികസന ഫണ്ട് 500000,മറ്റിനം -500000) |
| ചെലവ് | ഇല്ല | നിർവ്വഹണം | ക്ഷീര വികസന വകുപ്പ് ഓഫീസർ |

കാർഷികമേഖലയായ ഗ്രാമ പഞ്ചായത്ത് ഉദ്പാദന മേഖലയ്ക്കായി മാറ്റിവയ്ക്കുന്ന പദ്ധതി വിഹിതം സമയ ബന്ധിതമായി നിർവ്വഹണം നടത്താതത് ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് തടസ്സമാവുന്നു. അതാത് വർഷങ്ങളിൽ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ സമയബന്ധിതമായി നിർവ്വഹണം നടത്താൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/06-10-2021) നൽകിയ മറുപടി : 2020-2021 സാമ്പത്തിക വർഷം പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി ഇനങ്ങളിൽ 2 പ്രൊജക്ടുകളാണ് ക്ഷീരവികസന ഓഫീസർ പദ്ധതി നിർവ്വഹണം ചെയ്യേണ്ടിയിരുന്നത്. വിവിധ പഞ്ചായത്തുകളിലും ബ്ളോക്കിലുമായി നിരവധി പ്രൊജക്ടുകൾ നിർവ്വഹണം നടത്തേണ്ടത് ഉണ്ടായിരുന്നു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പ്ളാൻ ഫണ്ട് ഇനത്തിൽ ഫണ്ട് കുറവുണ്ടായിരുന്നു. ആയതിനാൽ ആദ്യം നിർവ്വഹണത്തിന് തയ്യാറായ പാലിന് സബ്സിഡി ഗ്രാമപഞ്ചായത്ത് വിഹിതങ്ങൾ പൂർണ്ണമായും കൊടുത്ത് തീർത്തു. കാലിത്തീറ്റ സബ്സിഡി പദ്ധതി പൂർത്തീകരണം സാധ്യമായില്ല. തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണം ചെയ്ത് പൂർത്തീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വവിരം ലഭ്യമാക്കേണ്ടതാണ്.

## <u>1-19 ദുരിതാശ്വാസ നിധി -രൂപീകരിച്ചിട്ടില്ല</u>

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം,

മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായിട്ടുള്ള ബാങ്ക് അക്കൗണ്ട് തുടങ്ങുകയോ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-20 എസ്.എസ്.എ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്,

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ എസ്.എസ്.എ ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് (അക്കൗണ്ട് നം. 0812101070730) എസ്.എസ്.എ വിഹിതം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

| പ്രൊജക്റ്റ് നം., പേര് | അടങ്കൽ, ഫണ്ടിനം | ബിൽ നം., തീയതി | ബിൽ തുക |
|---|---|---|---|
| 95/21, എസ് എസ് എ വിഹിതം | 500000/- രൂപ, വികസന ഫണ്ട് (പൊതു വിഭാഗം) | 02/21, 30-06-20 | 500000/- രൂപ |
| 96/21 എസ് എസ് എ വിഹിതം (എസ്.സി.പി) | 300000/- രൂപ, വികസന ഫണ്ട് (എസ്.സി.പി) | 03/21, 30-06-20 | 300000/- രൂപ |

29.01.2018 ലെ സ.ഉ.(കൈ)നം.11/2018ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.3 ൽ ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പഞ്ചായത്ത് പരിധിയിൽ തുക ചെലവഴിച്ച സ്കൂളുകൾ, ചെലവിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 തുല്യതാ പരീക്ഷ - പഠിതാക്കളുടെ കോഴ്സ് ഫീസ് അടവാക്കൽ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പത്താം തരം, പ്ലസ് വൺ, പ്ലസ്ടു തുല്യതയ്ക്കായി പഠിതാക്കളുടെ കോഴ്സ് ഫീസ് താഴെ പറയും പ്രകാരം കേരളാ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട് . വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | തീയതി |
|---|---|---|---|
| 97/21- പത്താം തരം തുല്യത പരീക്ഷ | 100000/-(തനത്) | 47250/- | തീയ്യതി. 29-04-20 |
| 98/21- പ്ലസ് വൺ തുല്യത പരീക്ഷ | 100000/- (തനത്ഫണ്ട്) | 79200/- | തീയ്യതി. 29-04-20 |
| | | | |

| | | | |
|---|---|---|---|
| 99/21 – പ്ലസ്ടു തുല്യത പരീക്ഷ | 100000/- (തനത്ഫണ്ട്) | 41800/- | തീയ്യതി. 29-04-20 |

മേൽ പ്രൊജക്ടുകൾ പ്രകാരം കോഴ്സ് ഫീസായി ആകെ 168250/-രൂപ കേരളാ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സംബന്ധിച്ച രേഖകൾ മാത്രമെ പരിശോധനക്കായി ഹാജരാക്കിയിട്ടുള്ളൂ. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ വിവരങ്ങൾ, പഠിതാക്കളുടെ മാർക്ക് ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയോ എന്ന് പരിശോധിക്കാൻ മേൽ പറഞ്ഞ രേഖകൾ ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(21/11-10-2021) ക്ക് പരീക്ഷ കഴിയുന്നമുറയ്ക്ക് പഠിതാക്കളിൽ നിന്നും, സാക്ഷരതാ മിഷനിൽ നിന്നും രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പൂർണ്ണ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല .

| | | |
|---|---|---|
| പ്രോജക്റ്റ് : ശാരീരിക,മാനസിക വെല്ലുവിളികൾനേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ<br>പ്രോജക്റ്റ്-നമ്പർ 6/21 | അടങ്കൽ-2000000/- | **ചെലവ്-**<br>വികസന ഫണ്ട്. 700000-<br>ജില്ലാ-500000-<br>ബ്ലോക്ക്-350000<br>തനത്-300000- |
| നിർവ്വഹണം:<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ആകെ | **1850000/-** |

29.01.2018ലെ ജി.ഒ.(എം.എസ്)11/2018/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 5.2.1(4)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. സബ്സിഡി മാർഗ്ഗരേഖ (14.02.2018ലെ സ.ഉ.(എം.എസ്) നം.22/2018/ത.സ്വ.ഭ.വ ഖണ്ഡിക നമ്പർ 7.1.6 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് മുഴുവനായും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പൂർണ്ണ നിരക്കിൽ 2020-21 വർഷത്തിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല.

| മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം |
|---|---|---|---|
| 71 | 71*28500=2023500/ | 71*23528=16,70488 | 35,3012 |

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് മുഴുവൻ സ്കോളർഷിപ്പ് തുകയും വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (27/20-21/20-10-21) ക്കുള്ള മറുപടിയിൽ ജില്ലാ വിഹിതവും, ബ്ലോക്ക് വിഹിതവും മുഴുവനായും ലഭിക്കാത്തതിനാൽ സ്കോളർഷിപ്പ് തുക മുഴുവനായും വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ലായെന്നറിയിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് നൽകുന്നതിന്ന് പ്രൊജക്ടിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

**1-23 അംഗനവാടികൾക്ക് ന്യൂട്രിമിക്സിന് പർച്ചേസ് ബില്ലിൽനിന്നും നിയമാനുസൃത ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല.**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച "അംഗൻവാടി പോഷകാഹാരം" എന്ന പദ്ധതി പ്രകാരം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

(1)

| | | | |
|---|---|---|---|
| പ്രൊജക്ട് നം/തീ: | 3/21-അംഗനവാടികൾക്ക് പോഷകാഹാരം | അടങ്കൽ/ ഫണ്ടിനം | 2000000/- വികസനഫണ്ട് 1500000/- കേന്ദ്രാവിഷ്കൃതം |
| ചെലവ് | 1996289/-<br>1500000/- | ബിൽനം:/ തീ<br>ചെക്ക്നം:/ തീ | 03/20-21/19.07.20-742805 07/20-21/16.01.21 -472578<br>9/20-21/15.03.21 -780906<br>------------------------------<br>1785964/23.01.21 -495616<br>59973/20-21-17.3.21-1004384 |
| നിർവ്വഹണം | ICDS സൂപ്പർ വൈസർ | കോൺട്രാക്ട് | സിവിൽ സപ്ലൈസ് |

(2)

| | | | |
|---|---|---|---|
| പ്രൊജക്ട് നം/തീ: | 4/21-അംഗനവാടികൾക്ക് പോഷകാഹാരം | അടങ്കൽ/ ഫണ്ടിനം | 500000/- വികസനഫണ്ട് 250000/- കേന്ദ്രാവിഷ്കൃതം |
| ചെലവ് | 495260/-<br>250000/- | ബിൽനം:/ തീ | 06/20-21/16.01.21 -495260 |

| | | | |
|---|---|---|---|
| | | ചെക്ക്നം:/ തീ | ---------------------------- ----<br>1785964/20-21-23.01.21-495260<br>59975/20-21/17.3.21-250000 |
| നിർവ്വഹണം | ICDS സൂപ്പർ വൈസർ | കോൺട്രാക്ട് | സിവിൽ സപ്ലൈസ് |

മേൽ പ്രൊജക്ട് വഴി 1284195/- രൂപ ബിസ്മി സ്നേഹഅമൃതം ഫുഡ്സ് യൂണിറ്റ് മുഖേന ന്യൂട്രിമിക്സിന് പർച്ചേസ് ചെയ്യുതിന് നൽകിയിട്ടുണ്ട്. എന്നാൽ മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ (GST ഉൾപ്പെടുന്ന പർച്ചേസുകളുടെ ബില്ലുകളിൽ നിന്ന് ) നിയമാനുസൃത ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല.

| ക്രമ നമ്പർ | ന്യൂട്രിമിക്സ് യൂണിറ്റ് | ഇൻവോയ്സ്/ തിയ്യതി | തുക | ടാക്സ് ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് |
|---|---|---|---|---|---|
| 1 | ബിസ്മിസ്നേഹഅമൃതം ഫുഡ്സ് ന്യൂട്രിമിക്സ് | ഇൻവോയ്സ് നമ്പർ 343/10.03.20 | 151263 | 144060 | 2881 |
| 2 | | ഇൻവോയ്സ് നമ്പർ 347/7.04.20 | 130315 | 12440 | 249 |
| 3 | | ഇൻവോയ്സ് നമ്പർ 2/07.05.20 | 151998 | 100760 | 2015 |
| 4 | | ഇൻവോയ്സ് നമ്പർ 7/8.06.20 | 130315 | 124110 | 2482 |
| 5 | | ഇൻവോയ്സ് നമ്പർ 11/10.07.20 | 152034 | 144795 | 2896 |
| 6 | | ഇൻവോയ്സ് നമ്പർ 18/18.08.20 | 130315 | 124110 | 2482 |
| 7 | | ഇൻവോയ്സ് നമ്പർ 22/08.09.20 | 152034 | 144795 | 2896 |
| 8 | | ഇൻവോയ്സ് നമ്പർ 26/09.10.20 | 117767 | 112350 | 2247 |
| 9 | | ഇൻവോയ്സ് നമ്പർ 30/08.11.20 | 137628 | 131075 | 2621 |

| | | | | | |
|---|---|---|---|---|---|
| 10 | | ഇൻവോയ്സ് നമ്പർ 35/14.12.20 | 119070 | 113400 | 2268 |
| 11 | | ഇൻവോയ്സ് നമ്പർ 39/12.01.21 | 138915 | 132300 | 2646 |
| | | ആകെ ടാക്സ് ഒഴികെയുള്ള തുക - 1284195/- | | | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് 25683/- |

നികുതി ഒഴികെയുള്ള പർച്ചേസ് തുക 250000/- രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടിഡിഎസ് പിടിക്കേണ്ടതാണ്. ആയത് ഈടാക്കിയിട്ടില്ല. മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/20-10-2021) തുടർന്നുള്ള വർഷങ്ങളിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

**1-24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.**

| പ്രൊജക്ട് നമ്പർ- 332/21 | അടങ്കൽ 625000/- | ബിൽ നം/തീയതി |
|---|---|---|
| പ്രത്യേക കന്നുകുട്ടി പരിപാലനം നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറിസർജ്ജൻ | ചെലവ്- 212500 | 21/20-21/30.3.21- 187500 22/20-21/30.3.21- 25000 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 17 ഗുണഭോക്താക്കളുടെ വിഹിതമായ 212500/-രൂപ എസ്.എൽ.ബി.പി അസിസ്റ്റന്റ് ഡയരക്ടർ, പാലക്കാട്, നെഫ്റ്റ് മുഖേന നൽകിയിട്ടുണ്ട്. കന്നുകുട്ടി പരിപാലനപദ്ധതി സംബന്ധിച്ച മാർഗരേഖ ജി.ഒ(എം.എസ്)നം.11/2001/മൃഗസംരക്ഷണം തീയ്യതി 20-01-2001 പ്രകാരം സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുടെ ഭൗതികനേട്ട റിപ്പോർട്ട് പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് , തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**1-25 പട്ടികജാതി വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം-ജില്ലാ കലക്ടറുടെ അനുമതി വാങ്ങാതെ ധനസഹായം നൽകി**

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം എന്ന പ്രൊജക്ടിന് 1050000/- രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 234/21 | 1050000 | 1050000 |

ബിൽ നമ്പർ 3/20-21 Dt 17.4.20 പ്രകാരം 14 ഗുണഭോക്താക്കൾക്ക് 75000/- രൂപ നിരക്കിൽ ആകെ 1050000 രൂപ നൽകിയിട്ടുണ്ട്. അതിൽ ശ്രീമതി.ശാന്ത, D/O.ശങ്കരൻകുട്ടി, 330, കോട്ടയിൽ ഹൗസ്, കുളപ്പാടം, കുമരമ്പത്തൂർ(P.O) എന്നവരുടെ അക്കൗണ്ടിലേക്ക് (67231505161) 75000/- രൂപ മകളായ സജിഷയുടെ വിവാഹ ധനസഹായമായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യക്തിയുടെ വിവാഹം നടന്നത് 12.02.2018 നാണ്. സ.ഉ (സാധാ) നം.2960/2018.തസ്വ.ഭ.വ തീയ്യതി 21.11.18 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി 90 ദിവസം എന്നത് 180 ദിവസമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. നിശ്ചിത കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾക്ക് പ്രത്യേക അനുമതി നൽകുവാൻ ജില്ലാകലക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വ്യക്തി ധനസഹായത്തിന് അപേക്ഷ നൽകിയിട്ടുള്ളത് 30.11.19 നാണ്. പ്രസ്തുത വ്യക്തിക്ക് ധനസഹായം നൽകുവാൻ ജില്ലാ കലക്ടറുടെ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/8.10.21) മറുപടിയൊന്നും ഹാജരാക്കിയില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 എസ്.സി വിദ്യാർത്ഥികൾക്ക് സ്റ്റഡി ടേബിൾ വാങ്ങൽ - വാങ്ങൽ നടപടി ക്രമപ്രകാരമല്ല

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തുക |
|---|---|---|---|---|
| 380/21 | 600000 | 599959 | 16/20-21 Dt 25.3.21 | 499966 |
| | | | 18/20-21 Dt 27.3.21 | 99993 |

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21ൽ നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റഡി ടേബിൾ, കസേര വാങ്ങൽ എന്ന പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭ്യമായത് ഫർണ്ണിച്ചറുകൾ സിഡ്കോയിൽ നിന്നും വാങ്ങുന്നതിനാണ്. എന്നാൽ പദ്ധതി പ്രകാരം ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുള്ളത് കാഡ്കോയിൽ നിന്നാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ / തീയ്യതി | ഇനം | തുക | എണ്ണം | ആകെ |
|---|---|---|---|---|---|
| 16/20-21 Dt 25.3.21 Rs. 499966 | KADCO/CRO/20-21/431 Dt 23.03.21 | Steel Table | 3000 | 100 | 300000.00 |
| | CGST | | | | 27000.00 |
| | SGST | | | | 27000.00 |
| | TOTAL | | | | **354000.00** |
| | KADCO/CRO/20-21/398 Dt 19.03.21 | Steel Arm Chair | 1237 | 100 | 123700.00 |
| | CGST | | | | 11133.00 |
| | SGST | | | | 11133.00 |
| | TOTAL | | | | **145966.00** |
| 18/20-21 Dt 27.3.21 Rs. 99993 | KADCO/CRO/20-21/458 Dt 25.03.21 | Steel Table | 3000 | 20 | 60000.00 |
| | | Steel Arm Chair | 1237 | 20 | 24740.00 |
| | CGST | | | | 7626.60 |
| | SGST | | | | 7626.60 |
| | | | | | |

| | | |
|---|---|---|
| | TOTAL | **99993.00** |

പർച്ചേസ് കമ്മിറ്റി താഴെ പറയും പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്.

10.02.2021ലെ തീരുമാനം നം.IV(1) പ്രകാരം സ്റ്റഡി ടേബിളും ചെയറും സിഡ്കോയിൽ നിന്നും പുതുക്കിയ ഓർഡർ ലഭിക്കാത്തതിനാൽ കാഡ്കോയിൽ നിന്നും വാങ്ങുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇത് ഭരണസമിതി 15.02.2021ലെ 3/31തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

സ.ഉ(ആർടി)നം.59/2017/SPD തിയതി 20-10-2017 ലാണ് റേറ്റ് കോൺട്രാക്റ്റ് ഉള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉത്തരവിലെ അവസാന ഖണ്ഡികയിൽ SPD യുടെ Price List ൽ ഉൾപ്പെടാത്തതായ വസ്തുക്കൾ വാങ്ങുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച് വാങ്ങാനും നിർദേശമുണ്ട്. റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകൾ കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/8.10.21) നൽകിയതിന് സ്റ്റീൽ ഫർണ്ണിച്ചറുകൾ വിതരണം ചെയ്യാൻ കാഡ്കോക്ക് അംഗീകാരം ഉണ്ടെന്ന മറുപടിയാണ് നൽകിയത്. എന്നാൽ പദ്ധതി പ്രകാരം വാങ്ങേണ്ട 90x45x75അളവിലുള്ള സ്റ്റീൽ ടേബിളിന് KADCO യ്ക്ക് റേറ്റ് കോൺട്രാക്റ്റ് നിലവിലില്ല. റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകൾ കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണെന്ന സർക്കാർ ഉത്തരവും ലഭ്യമാക്കിയിട്ടില്ല.

അർഹതയില്ലാത്ത സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമായി വിലയിരുത്തുന്നു.

**<u>ഓഡിറ്റ്നിർദ്ദേശങ്ങൾ</u>**

വാങ്ങലുകളിൽ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച് വാങ്ങലിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെങ്കിലും സ്ഥാപനങ്ങളുടെ അർഹത പരിഗണിച്ച മാത്രം നേരിട്ടുള്ള വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് നടപ്പാക്കിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 314/21 | 240000 (പദ്ധതി വിഹിതം -SCP) | 238306 | 14/20-21 Dt 15.03.21 |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം 86 തെരുവു വിളക്കുകൾ വാങ്ങിയതിന് 238306/- രൂപ മാനേജിംഗ് ഡയറക്ടർ, KREWS എന്നവരുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 67256868977) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

INVOICE NO-KREWS/283/19-20 DT 19.03.20

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| 24 W LED Street Light Automatic Operation Including Installation | 86 | 2474.11 | 212773.46 |
| SGST | | | 12766.41 |
| CGST | | | 12766.41 |
| TOTAL | | | 238306.00 |

പ്രസ്തുത തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/8.10.21) രേഖകൾ ഹാജരാക്കാമെന്ന മറുപടിയാണ് നൽകിയത്. കെ.എസ്.ഇ.ബി നൽകുന്ന പ്രതിമാസ ഡിമാന്റിൽ പ്രസ്തുത LED വിളക്കുകൾ ഉൾപ്പെടുന്നുമില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച തുകയായ 238306/- രൂപ തടസ്സപ്പെടുത്തുന്നു.

**1-28 കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് -മോണിറ്ററിംഗ് ഫലപ്രദമല്ല**

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 228/21 | 100000<br>(പദ്ധതി വിഹിതം -ജനറൽ) | 100000 | 1/20-21 Dt 17.04.20 |

പദ്ധതി പ്രകാരം 100000/- രൂപ CDS കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് (20260101001 4319) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിനു ശേഷം ഒരു കുടുംബശ്രീ യൂണിറ്റിന് 10000/- രൂപ വീതം 10 കുടുംബശ്രീ യൂണിറ്റുകൾക്കാണ് തുക നൽകിയിരിക്കുന്നത്. യൂണിറ്റുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ചെക്ക് മുഖേനയാണ് നൽകിയിരിക്കുന്നത്. സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനെക്കുറിച്ച് സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.22/2018 തസ്വഭവ, തീയതി.14.2.2018 ഖണ്ഡിക - 21 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ പൊതു ധനകാര്യ സ്ഥാപനത്തിൽനിന്നുള്ള വായ്പ കൂടി ഉൾപ്പെടുത്തി സംരംഭം തുടങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗരേഖയിൽ റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ലെന്നും താൽക്കാലികമായ പലിശരഹിതമായ പ്രോൽസാഹനം മാത്രമാണെന്നും പറഞ്ഞിരിക്കുന്നു. കുടുംബശ്രീക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു പ്രോജക്ട് റിപ്പോർട്ടിന്റെ അഭാവത്തിലാണ് തുക കുടുംബശ്രീക്ക് കൈമാറിയത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ മാനദണ്ഡങ്ങളൊന്നും തന്നെ പരിഗണിച്ചതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണത്തിന് (6/8.10.2021) മറുപടിയൊന്നും സമർപ്പിച്ചില്ല. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-29 SC കുടുംബങ്ങൾക്ക് PVC വാട്ടർ ടാങ്ക് -വാങ്ങൽ നടപടിയിൽ സുതാര്യത ഉറപ്പ് വരുത്തിയില്ല**

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ SC കുടുംബങ്ങൾക്ക് PVC വാട്ടർ ടാങ്ക് എന്ന പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 231/21 | 292500(പദ്ധതി വിഹിതം -SCP-270000, ഗു.വി-22500) | 202050 | 4/20-21 Dt 17.4.20 |

പ്രസ്തുത പ്രൊജക്ടിന് ടെണ്ടർ വിളിക്കുകയും കുറവ് തുക ക്വാട്ട് ചെയ്ത Impact Enterprises, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന ബിൽ പ്രകാരം 90 വാട്ടർ ടാങ്കുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ -8/No Date

| ഇനം | തുക | എണ്ണം | ആകെ |
|---|---|---|---|
| 500 Ltr Water Tank Lotus | 2538.1355 | 90 | 228432.20 |
| CGST | | | 20558.90 |
| SGST | | | 20558.90 |
| TOTAL | | | 269550.00 |

90 ടാങ്കുകൾക്ക് 2245 രൂപ വീതം 202050/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും 750 രൂപ വീതം 67500/- രൂപ ഗുണഭോക്തൃവിഹിതത്തിൽ നിന്നും ഉൾപ്പെടെ ആകെ 269550/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

A) ടെണ്ടർ സ്പെസിഫിക്കേഷൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

B) ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത തുക | | |
|---|---|---|---|
| | 11 Kg | 18 Kg | 19.5 Kg |
| Carries Pipes & Tubes | 3195 | | |
| Impact Enterprises, മലപ്പുറം | 1750 | 2790 | 2995 |
| South In Polimers, Palakkad | 1795 | 2795 | |
| The Kerala Agro Industries Corporation Ltd | Classic Brand -3100<br>Ocean Brand -3500 | | |

Impact Enterprises, മലപ്പുറം എന്ന സ്ഥാപനത്തിന്റെ കുറവ് നിരക്ക് ക്വാട്ട് ചെയ്ത തുകകൾ ഉണ്ടായിരുന്നിട്ടും ഉയർന്ന നിരക്കായ 2995 രൂപയുടെ വാട്ടർ ടാങ്കാണ് വാങ്ങിയിരിക്കുന്നത്. ടെണ്ടർ സ്പെസിഫിക്കേഷൻ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏതിനം വാങ്ങാനാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമല്ല. Impact Enterprises, മലപ്പുറം എന്ന സ്ഥാപനത്തിന്റെ 2995 രൂപയുടെ വാട്ടർ ടാങ്ക് വാങ്ങാൻ പർച്ചേസ് കമ്മിറ്റി തീരുമാനമെടുത്തതിന്റെ രേഖ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (6/8.10.21) നൽകിയിരുന്നുവെങ്കിലും മറുപടിയോ രേഖയൊ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 202050/- രൂപ തടസ്സപ്പെടുത്തുന്നു.

**1-30 MGNREGS-മെറ്റീരിയൽ പർച്ചേസ് -TDS ഈടാക്കി അടവാക്കിയിട്ടില്ല**

GST ഈടാക്കുന്നത് സംബന്ധിച്ച CBEC (Central Board Of Excise And Customs ) സർക്കുലർ നം. 65/39/2018-DOR /14.9.2018 പ്രകാരം ബില്ലിൽ നിന്നും 2% TDS ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയ്ക്ക് മെറ്റീരിയൽ പർച്ചേസ് നടത്തിയതിൽ കോൺട്രാക്ടർമാരിൽ നിന്നും ബിൽ ഇൻവോയിസ് ലഭ്യമാക്കുകയോ മെറ്റീരിയൽ കോസ്റ്റ് ആയ 5614999/- രൂപയുടെ 2% (112300/- രൂപ) ഈടാക്കി അടവാക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| Sl No. | പ്രവർത്തി | Ward | Material തുക | FTO നമ്പർ / തീയ്യതി |
|---|---|---|---|---|
| 1 | കാരാപ്പാടം കോളനി റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : ജംഷീദ് | 1 | 39456 | 856857/12.3.21 |
| | | | | |

| | | | | |
|---|---|---|---|---|
| 2 | ചാണാക്കളം ഇടവഴി കോൺക്രീറ്റ് കോൺട്രാക്ടർ : ജംഷീദ് | 1 | 149503 | 982283/12.3.21 |
| 3 | ചെറപ്പാടം ഇടവഴി കോൺക്രീറ്റ് കോൺട്രാക്ടർ : ഷറഫുദ്ധീൻ | 16 | 149074 | 869310/16.3.21 |
| 4 | ചോലയിൽ റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : ഷറഫുദ്ധീൻ | 7 | 149344 | 869009/16.3.21 |
| 5 | ചെറുകര റോഡ് കോൺക്രീറ്റ്കോൺട്രാക്ടർ : ഷറഫുദ്ധീൻ | 7 | 806434 | 806434/2.3.21 |
| 6 | മോഡംതോട് നിസ്കാരപ്പള്ളി റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : ജംഷീദ് | 18 | 150098 | 806354/2.3.21 |
| 7 | പഴയ റേഷൻകടപ്പള്ളി റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : മുഹമ്മദ് ജംഷീർ | 4 | 150014 | 778354/19.2.21 |
| 8 | കുളിർമണ്ട അംഗനവാടി റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : മുഹമ്മദ് ജംഷീർ | 4 | 149123 | 774260/19.2.21 |
| 9 | സൂപ്പി റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : അൻസാർ | 5 | 855759 | 855759/12.3.21 |
| 10 | ആസാദ് റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : ജംഷീദ് | 15 | 84397 | 783154/12.3.21 |
| 11 | പച്ചീരി റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : അബ്ദുൾ റഹ്മാൻ | 12 | 146750 | 804893/2.3.21 |
| 12 | മദ്രസ്സ ചേരിങ്ങൽ റോഡ് കോൺക്രീറ്റ്-കോൺട്രാക്ടർ : ഷറഫുദ്ധീൻ | 6 | 150014 | 769549/2.3.21 |
| 13 | വാളിയാടി കോളനി റോഡ് കോൺക്രീറ്റ്-കോൺട്രാക്ടർ : ഷറഫുദ്ധീൻ കോൺട്രാക്ടർ : ജംഷീദ് | 6 | 152026 | 802998/1.3.21 |
| 14 | ആലിക്കൽ റോഡ് റോഡ് കോൺക്രീറ്റ് | 13 | 149471 | 915166/1.3.21 |
| 15 | വഴിക്കുന്ന് നാലായത്ത് റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : ജംഷീദ് | 13 | 141576 | 915009/23.3.21 |
| 16 | മഠത്തിൽ കല്ലങ്ങാട്ടിൽ റോഡ് കോൺക്രീറ്റ്-കോൺട്രാക്ടർ : മുഹമ്മദ് ജംഷീർ | 14 | 149898 | 803231/23.3.21 |
| 17 | സുൽത്താൻ നഗർ റോഡ് കോൺക്രീറ്റ്-കോൺട്രാക്ടർ : മുഹമ്മദ് ജംഷീർ | 14 | 150109 | 931657/26.3.21 |
| 18 | ഒട്ടുവങ്ങാട് പോത്തോഴിക്കാവ് റോഡ് കോൺക്രീറ്റ്-കോൺട്രാക്ടർ : ഷറഫുദ്ധീൻ | 8 | 149130 | 894347/26.3.21 |
| 19 | ചക്കരക്കുളമ്പ് റോഡ് കോൺക്രീറ്റ്-കോൺട്രാക്ടർ : ഷറഫുദ്ധീൻ | 8 | 150014 | 761890/15.2.21 |

| | | | | |
|---|---|---|---|---|
| 20 | ST സ്മശാനം റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : ജംഷീദ് | 2 | 93363 | 855163/15.2.21 |
| 21 | S.T കോളനി റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : ജംഷീദ് | 2 | 149151 | 915240/12.3.21 |
| 22 | തച്ചംക്കോട് റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : അബ്ദുൾ റഹ്മാൻ | 17 | 149919 | 761580/12.3.21 |
| 23 | വാളിപ്പാടി പാടം റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : അബ്ദുൾ റഹ്മാൻ | 17 | 150014 | 719997/4.2.21 |
| 24 | പട്ടേരിപ്പാട് റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : അബ്ദുൾ റഹ്മാൻ | 9 | 150044 | 855519/4.2.21 |
| 25 | അപ്പത്ത് കുന്ന് റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : അബ്ദുൾ റഹ്മാൻ | 9 | 150123 | 888389/19.3.21 |
| 26 | പുതുക്കടി റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : അൻസാർ | 3 | 150014 | 782870/19.3.21 |
| 27 | ചാത്തൻമല റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : അബ്ദുൾ റഹ്മാൻ | 11 | 150130 | 758439/15.2.21 |
| 28 | സ്കൂൾപ്പടി കല്ലങ്ങാട് റോഡ് കോൺക്രീറ്റ് കോൺട്രാക്ടർ : അബ്ദുൾ റഹ്മാൻ | 11 | 149993 | 757361/15.2.21 |
| 29 | K.P.B കോളനി റോഡ് കോൺക്രീറ്റ് | 10 | 150014 | 71942¾.2.21 |
| 30 | ഇടിഞ്ഞാടിപ്പുഴ റോഡ് കോൺക്രീറ്റ് | 10 | 150044 | 806505/4.2.21 |
| | ആകെ | | 5614999 | |

**ഓഡിറ്റ് നിരീക്ഷണം**

(1) കോൺട്രാക്ടർമാരുടെ GST നമ്പരോടുകൂടിയ ബിൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

(2) 2%TDS ഈടാക്കി അടവാക്കിയതിൻറ വിവരം ലഭ്യമാക്കിയിട്ടില്ല.

(3)കോൺട്രാക്ടറുമായി നിശ്ചിത നിരക്കിലുള്ള എഗ്രിമെന്റ് ചമച്ചിട്ടില്ല.

(4)ടെൺണ്ടർ ഫോമിൽ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് സമർപ്പിക്കുന്നത് വരെ ചെലവ് തുക 5614999/-രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി (നം:5/20-21/8.10.21)ക്ക് സമർപ്പിച്ച മറുപടിയിൽ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്.

**1-31 മരാമത്ത് പ്രവർത്തി -പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ**

അസി.എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവ്യത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ

കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ , കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്. സമയം ദീർഘിപ്പിച്ചതിൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെചേർക്കുന്നു

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:267/21-കുടിവെള്ള പൈപ്പ്ലൈൻ<br>അടങ്കൽ :450000(തനത് ഫണ്ട്)<br>ചെലവ്:447347/- (Limitted To PAC)<br>ബിൽനം/ചെക്ക്നം:176/20-2/16.3.21-447347/<br>എം ബുക്ക് :137/19-20<br>എഗ്രിമെൻറ്:21/AE/LSGD/19-20/07.09.2019<br>കോൺട്രാക്ടർ :അഷ്റഫ് (401640)<br>പൂർത്തീകരണ തീയ്യതി:31.3.2020(എഗ്രിമെൻറ്)<br>പൂർത്തീകരിച്ച തീയ്യതി:05.02.2021 (ചെക്ക്മെഷർ) | 13420 | 0 | 13420 |
| 2)പ്രവർത്തി:292/21-വെള്ളപ്പാടം റോഡ് ടാറിങ്<br>അടങ്കൽ :300000(MGR)<br>ചെലവ്:300000/-(Limitted To PAC)<br>ബിൽ നം:20/20-21/22.5.20 -300000/<br>എം ബുക്ക് :72/17-18<br>എഗ്രിമെൻറ്:57/AE/LSGD/KM/18-19/03.9.2018<br>കോൺട്രാക്ടർ :അൻസാർ.എ (300000)<br>പൂർത്തീകരണതീയ്യതി:31.3.2019(എഗ്രിമെൻറ് )<br>പൂർത്തീകരിച്ചതീയ്യതി :15.07.2019(ചെക്ക്മെഷർ) | 9000 | 0 | 9000 |
| 3)പ്രവർത്തി:253/21-K.P.Bകോളനിറോഡ്ടാറിങ് | 16472 | 10982 | 5490 |

| | | | |
|---|---|---|---|
| അടങ്കൽ :550000(MGR)<br>ചെലവ്:549085/-(Limitted To PAC)<br>ബിൽനം:18/20-21/26.5.20 -549085/<br>എം ബുക്ക് :133/19-20<br>എഗ്രിമെൻറ്:69/AE/LSGD/KMP/17-18/22.2.2018<br>കോൺട്രാക്ടർ :ഷറഫുദ്ധീൻ അലി (549085)<br>പൂർത്തീകരണ തീയ്യതി:31.3.2018(എഗ്രിമെൻറ് )<br>പൂർത്തീകരിച്ചതീയ്യതി :23.3.2020(ചെക്ക് മെഷർ | | | |
| 4)പ്രവർത്തി:256/21-വട്ടമ്പലംകമ്മ്യൂണിറ്റി ടോയ് ലറ്റ് നിർമ്മാണം<br>അടങ്കൽ :300000(സെൻട്രൽ ഫണ്ട് )<br>ചെലവ്:300000/- (Limitted To PAC)<br>ബിൽനം:179/20-21/30.3.21 -300000/<br>എം ബുക്ക് :138/19-20<br>എഗ്രിമെൻറ്:113/AE/LSGD/KMP/19-20/7.11.2019<br>കോൺട്രാക്ടർ :ഷറഫുദ്ധീൻ അലി (300000)<br>പൂർത്തീകരണ തീയ്യതി:31.3.20(എഗ്രിമെൻറ് )<br>പൂർത്തീകരിച്ചതീയ്യതി :23.3.2021(ചെക്ക്മെഷർ) | 9000 | 0 | 9000 |
| ആകെ | 47892 | 10982 | 36910 |

നഷ്ടം ഉത്തരവാദിയായ കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം: 20/20-21/20.10.21 ).

## 1-32 മരാമത്ത് പ്രവർത്തി-കരാർ ചമയ്ക്കുന്നതിൽ കാലതാമസം ഫൈൻ ഈടാക്കിയതിൽ കുറവ്

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത് ) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി. മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി

ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ (നിർവ്വഹണം :അസി.എൻജിനിയർ ) | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (1%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:335/20-കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ(276/21)<br>അടങ്കൽ :3520000(തനത് ഫണ്ട് )<br>ചെലവ്:638515/-<br>ബിൽനം/ചെക്ക്നം:198/20-21/16.3.21 -638515/- (പാർട്ട് ബിൽ )<br>എം ബുക്ക് :123/19-20<br>എഗ്രിമെൻറ്:130/AE/LSGD/KM/19-20/22.1.2020<br>കോൺട്രാക്ടർ:<br>ഐസക്ക്&സൺസ് വെൻച്വർ (2715050)<br>പൂർത്തീകരണ തീയ്യതി:<br>(എഗ്രിമെൻറിൽ ചേർത്തിട്ടില്ല)<br>എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം :6 മാസം<br>പൂർത്തീകരിച്ച തീയ്യതി : പൂർത്തീകരിച്ചിട്ടില്ല<br>സെലക്ഷൻ നോട്ടീസ് : 19.12.2019<br>(എഗ്രിമെൻറ് തീ:22.1.2020 ) | 25000 | 5752 | 19248 |

നഷ്ടം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

(2)മേൽ പ്രവർത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ സപ്ലിമെന്ററി എഗ്രിമെൻറ് വെക്കേണ്ടതുണ്ട്. കേരള ഫിനാൻസ് ആക്റ്റ്, 2019 പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ കേരള സ്റ്റാമ്പ് ആക്റ്റ്, 1959-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾക്കും നൽകുവാനുമുള്ള സേവനങ്ങൾക്കുമുള്ള സപ്ലിമെന്ററി എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി, സപ്ലിമെന്ററി എഗ്രിമെന്റിൽ സമ്മതിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി മേൽ പ്രവർത്തിയുടെ കാര്യത്തിൽ നിശ്ചിത മൂല്യത്തിലുള്ള സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടില്ല. എഗ്രിമെൻറ് പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം ആണ്. (എസ്റ്റിമേറ്റ് പ്രകാരം 6 മാസവും ). പൂർത്തികരണം നടക്കാത്ത സാഹചര്യത്തിൽ ചെലവ് തുക കുറച്ചുള്ള തുകയ്ക്ക് (2076535 രൂപ) 20800/- രൂപയുടെ മുദ്രപത്രത്തിൽ സപ്ലിമെന്ററി കരാർ ഒപ്പു വയ്ക്കേണ്ടതായിരുന്നു. സ്റ്റാമ്പ് ഡ്യൂട്ടിയിൽ 20800 രൂപയുടെ നഷ്ടം സർക്കാരിന് ഉണ്ടായിട്ടുണ്ട്. നഷ്ടം വകുപ്പുതല നടപടിയിലൂടെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം:23/20-21/18.10.21 )

തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

**<u>1-33 മരാമത്ത് പ്രവർത്തി- TDS ഈടാക്കി അടവാക്കിയിട്ടില്ല</u>**

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 253/20-21 KPB കോളനി റോഡ് ടാറിങ് | അടങ്കൽ/ ഫണ്ടിനം | 550000(MGR) |
| ചെലവ് | 549085 | ബിൽ/ചെക്ക് /തീ | 18/20/20.5.20 |
| | | | |

| | | | |
|---|---|---|---|
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 133/19-20 |
| എഗ്രിമെൻറ് | 69/AE/LSGD/KMPR/22.2.2018 | കോൺട്രാക്ടർ | ഷറഫുദ്ധീൻ അലി |
| നിർവ്വഹണം : അസി.എൻജിനിയർ | | | |

മേൽ പ്രവർത്തിയിൽ തുക അനുവദിച്ചത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

CBEC Circular No.65/39/2018-DOR 14.9.2018 പ്രകാരം 1.10.2018 മുതൽ പൂർത്തിയാകുന്ന 250000/- ന് മുകളിൽ പ്രവർത്തിമൂല്യം ഉള്ള എല്ലാ മരാമത്ത് പ്രവർത്തി ബില്ലിൽ നിന്നും 2% GST (1% CGST +1% SGST) ഈടാക്കി അടവാക്കിയിരിക്കണം എന്നാൽ മേൽ പ്രവൃത്തി ബില്ലിൽ നിന്നും ആയത് ഈടാക്കി അടവാക്കിയിട്ടില്ല.

| <u>അനുവദിച്ചത്</u> | <u>അനുവദിക്കാവുന്നത്</u> |
|---|---|
| പ്രവർത്തിമൂല്യം -549085 | പ്രവർത്തിമൂല്യം -549085 |
| (-)KCWF 1% -5490 | (-)KCWF 1% -5490 |
| (-)IT 1% – 5490 | (-) IT 1% -5490 |
| (-)CGST 1% – കുറവ് ചെയ്തിട്ടില്ല | (-) CGST 1% -5490 |
| (-)SGST 1% – കുറവ് ചെയ്തിട്ടില്ല | (-) CGST 1% -5490 |
| കോൺട്രാക്ടർ -521501 | കോൺട്രാക്ടർ -510521 |

TDS തുക ഈടാക്കി അടവാക്കിയതിൻറ വിവരം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം:28/20-21/20.10.21 )

## <u>1-34 പമ്പ് ഹൗസിന് മോട്ടോർ വാങ്ങൽ- പഴയത് സ്റ്റോക്കിലെടുത്തിട്ടില്ല</u>

നിർവ്വഹണം : അസി.എൻജിനിയർ

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 81/21-ഫിൽട്ടർ പ്ലാന്റിലേക്ക് മോട്ടോർ വാങ്ങൽ | അടങ്കൽ/ ഫണ്ടിനം | 250000 (പ്ലാൻ ജനറൽ) |
| ചെലവ് | 249306 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 81/20-21/8.9.20 | എംബുക്ക് | 14/20-21 |
| എഗ്രിമെൻറ് | 137/AE/LSGD/KMPR/19-20/31.3.20 | കോൺട്രാക്ടർ | ജംഷീദ് |

ഐറ്റം നം (1) പ്രകാരം 20 HP മോട്ടോർ (Mono Block Motor Set With All Fittings Delivary Pipe, Panel Board Voltmeter, Indicator With ISI Mark) ഫിറ്റ് ചെയ്തതിന് മേൽ പ്രകാരമുള്ള തുക അനുവദിച്ചു

<u>ഓഡിറ്റ് നിരീക്ഷണം</u>

1. പഴയ മോട്ടോറിന്റ ക്ഷമത സംബന്ധിച്ച് ക്ഷമതയുള്ള വകുപ്പിന്റ സാക്ഷ്യപത്രം ഇല്ല.
2.മോട്ടോറിന്റ ഗ്യാരന്റി കാർഡ് ഫയലിലില്ല.
3.പഴയ മോട്ടോർ അനുബന്ധ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് പഞ്ചായത്തിന് കൈമാറിയിട്ടില്ല.
4.നിലവിലുണ്ടായിരുന്ന മോട്ടോറിന്റെ പാനൽബോഡ്, അനുബന്ധ ഉപകരണങ്ങൾ ഉപയോഗിക്കാമെന്നിരിക്കെ ആയതിന് വീണ്ടും തുക അനുവദിച്ച് ക്രമപ്രകാരമല്ല.
5.പഴയ മോട്ടോർ സ്റ്റോക്കിലെടുത്ത് പഞ്ചായത്തിന് കൈമാറേണ്ടതാണ്.മേൽ അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 249306/- രൂപ തടസ്സപ്പെടുത്തുന്നു(ഓഡിറ്റ് എൻക്വയറി നം :36/20-21/22.10.21).

## <u>1-35 ഡപ്പോസിറ്റ് പ്രവൃത്തി- തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കണം</u>

സെക്രട്ടറി നിർവ്വഹണോദ്യോസ്ഥനായി ആവിഷ്കരിച്ച സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ എന്ന

പ്രവൃത്തിക്കായി താഴെ പറയും പ്രകാരം 1200000/- രൂപ KSEB യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പരും പേരും | അടങ്കൽ | ചെലവ് തുക | ബിൽ നമ്പർ | നിർവ്വഹണ എജൻസി |
|---|---|---|---|---|
| 297/21-സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 12,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 12,00,000 | 2/20-21 Dt 22.5.20 | അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി കുമരമ്പത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ |

തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കുവാനുള്ള ഓഡിറ്റ് അന്വേഷണം നം.16/13.10.21 ന് മറുപടിയൊന്നും നൽകിയിട്ടില്ല. തുകയുടെ വിനിയോഗ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-36 തെരുവ് വിളക്ക് എ.എം.സി -അപാകതകൾ**

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തുക |
|---|---|---|---|---|
| 248/21 | 5,00,000/- രൂപ (സി.എഫ്.സി ഗ്രാന്റ്) | 5,00,000/- രൂപ (സി.എഫ്.സി ഗ്രാന്റ്) | 17/ 27-11-20 | 2,20,000 |
| | | | 18/26.2.21 | 2,80,000 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസ് നടത്തുന്നതിനായി 16-01-2020ന് ടെണ്ടർ ക്ഷണിച്ചതിൽ ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സൈനുദ്ദീൻ, ഇലക്ട്രിക്കൽ കോൺട്രാക്ടർ, മാസ് ഇലക്ട്രോസ്, പയ്യനടം P.O എന്നിവരുടെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയുണ്ടായി (20-01-20ലെ II(4) നം.തീരുമാനം). 20 W LED Automatic ഒന്നിന് 560/-രൂപയും, 22 W CFL Automatic ഒന്നിന് 580/-രൂപയും, 24 W LED Automatic ഒന്നിന് 650/-രൂപയും 85 W CFL ഒന്നിന് 700/-രൂപയുമാണ് റിപ്പയർ ചാർജ്ജായി ടിയാൻ ക്വാട്ടുചെയ്തിട്ടുള്ളത്. 14-02-20ന് കരാർവെച്ച് പ്രവൃത്തി ആരംഭിച്ചു കാണുന്നു. അസി.എഞ്ചിനീയറുടെ (KSEB, കുമരമ്പത്തൂർ) സാക്ഷ്യപത്രം പ്രകാരം ആകെ 643 വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ട്. ഇതിനായി പ്രൊജക്ടിൽ വകയിരുത്തിയ 5,00,000/-രൂപയിൽ പരിമിതപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

1.തെരുവു വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും ടെണ്ടറിലൂടെ നടപ്പാക്കുന്നതു സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സർക്കുലർ ന.3055/ഡിഎ.3/2011/ത.സ്വ.ഭ.വ/തീ.15.09.2011)പ്രവൃത്തികൾക്കുപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും സാമഗ്രികളുടെ നിരക്ക് വൈദ്യുതി ബോർഡിന്റെ നിരക്കിനെക്കാൾ കൂടാൻ പാടില്ലാത്തതുമാണ്. എന്നാൽ വൈദ്യുതി ബോർഡിന്റെ നിരക്ക് ലഭ്യമാക്കി

കരാറുകാരന്റെ നിരക്കമായി താരതമ്യം ചെയ്യാതെയും സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താതെയുമാണ് മേൽ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്.

2.എഗ്രിമെന്റിലെ വ്യവസ്ഥ 9 പ്രകാരം കെ.എസ്.ഇ.ബി. ജീവനക്കാരുടെ മേൽനോട്ടത്തിൽ ജോലി നിർവ്വഹിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

3. കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ കരാറിന്റെ പ്രാരംഭ ഘട്ടം മുതൽ സ്ഥാപനത്തിന്റെയും ബോർഡിന്റെയും അധികാരികളും കരാറുകാരനും സംയുക്ത പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള പരിശോധന നടന്നിട്ടില്ല.

4. പഴയ കേടുവന്ന ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്ടുകളാണ് മാറ്റിയതെന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/13.10.21) മേൽപറഞ്ഞ അപാകതകൾ പരിഹരിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-37 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ -അവലോകനം

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയുണ്ടായി. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 343 | CFLTC യിൽ റൂമുകൾ സജ്ജീകരിക്കൽ | 300000 | 300000 |
| 344 | CFLTC യിൽ പുരുഷൻമാർക്ക് Toilet | 355000 | 355000 |
| 345 | CFLTC യിൽ സ്ത്രീകൾക്ക് Tolet | 315000 | 294504 |
| 346 | CFLTC യിൽ സാധനസാമഗ്രികൾ വാങ്ങൽ | 400000 | 60724 |

**പ്രത്യേക അക്കൗണ്ട്**

ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രവർത്തനങ്ങൾക്കായി പ്രത്യേക അക്കൗണ്ട് നാളിതുവരെ രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധിയുടെ ഭാഗമായി പ്രത്യേക അക്കൗണ്ട് ആരംഭിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള തുക സ്വീകരിക്കാവുന്നതാണ്.

**ജനകീയ ഹോട്ടൽ**

വിശപ്പു രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഗ്രൂപ്പ് നടത്തുന്ന ജനകീയ ഹോട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നു വരുന്നുണ്ട്.

കോവിഡ് പൂർണ്ണമായും നിയന്ത്രണ വിധേയമാകാതെ നിലനില്ക്കുന്ന അവസ്ഥാ വിശേഷം, ജില്ലയിലെ മിക്ക പഞ്ചായത്തുകളിലുമെന്നതു പോലെ സ്ഥാപനത്തിലുമുണ്ട്. ഇത് പരിഹരിക്കുന്നതിന് കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗങ്ങളുടെ, പ്രത്യേകിച്ച് ആർ ആർ ടിമാർ, സെക്ടറൽ മജിസ്ട്രേറ്റ്, ഹെൽത്ത് വിഭാഗം ജീവനക്കാർ എന്നിവരുടെ പ്രവർത്തനങ്ങൾ

നിരീക്ഷിക്കുകയും, വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നല്കേണ്ടതുമുണ്ട്. ഇത് നിർവ്വഹിക്കേണ്ടതും ഇത്തരത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കേണ്ടതും സ്ഥാപനത്തിലെ ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയാണെന്നത് ശ്രദ്ധയിൽപെടുത്തുന്നു.

## 1-38 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്) നം.170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന രേഖകളുടെ അടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തലിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു. 2019-20, 2020-21 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു. 2019-20, 2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം യഥാക്രമം 139604, 140342/- രൂപ ഇന്ധനം വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വാഹന മെയിന്റിനൻസിനായി 2019-20 ൽ 12709/- രൂപയും 2020-21 ൽ 100291/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

**<u>വാഹനം -Mahindra XYLO</u> (രജിസ്ട്രേഷൻ നം.- KL-50 H 568)**

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

  1. ലോഗ് ബുക്ക്
  2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
  3. റിപ്പയർ രജിസ്റ്റർ
  4. ഫ്യുവൽ രജിസ്റ്റർ

  എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല. ആകയാൽ വാഹനത്തിന്റെ പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.
- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് 2019-20,20-21 വർഷങ്ങളിൽ നടത്തിയിട്ടില്ല എന്ന് കാണുന്നു.
- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.

  കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന്

സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

- വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/13-10-2021) മറുപടിയൊന്നും സമർപ്പിച്ചില്ല.

**<u>ഓഡിറ്റ് നിർദേശങ്ങൾ</u>**

- സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.
- ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തേണ്ടതാണ്.
- വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.
- വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

**<u>1-39 തെരുവ് വിളക്ക് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ, കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.</u>**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവ് വിളക്കുകൾ വാങ്ങലുകൾ എന്ന പ്രൊജക്ട് നടപ്പാക്കിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | 1000000 | 496010 | 22000733/17.12.20 |

പ്രസ്തുത പ്രൊജക്ട് പ്രകാരം 179 തെരുവു വിളക്കുകൾ വാങ്ങിയതിന് 496010/- രൂപ മാനേജിംഗ് ഡയറക്ടർ, KREWS എന്നവരുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 67256868977) നൽകിയിട്ടുണ്ട്. വിശദാംങ്ങൾ താഴെ കൊടുക്കുന്നു.

INVOICE NO-KREWS/282/19-20 DT 19.03.20

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| 24 W LED Street Light Automatic Operation Including Installation | 179 | 2474.11 | 442865.69 |
| SGST | | | 26571.94 |
| CGST | | | 26571.94 |
| TOTAL | | | 496010.00 |

പ്രസ്തുത തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രം ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/21.10.21) മറുപടിയൊന്നും ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാമെന്ന മറുപടിയാണ് നൽകിയത്. കെ.എസ്.ഇ.ബി നൽകുന്ന പ്രതിമാസ ഡിമാന്റിൽ പ്രസ്തുത LED വിളക്കുകൾ ഉൾപ്പെടുന്നുമില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച തുകയായ 496010/- രൂപ തടസ്സപ്പെടുത്തുന്നു.

**<u>1-40 തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നത് സംയുക്തപരിശോധന റിപ്പോർട്ട് അടിസ്ഥാനമാക്കി പുനർനിർണ്ണയിക്കേണ്ടതാണ്.</u>**

കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കുമരമ്പത്തൂർ 13.10.21 ന് ഹാജരാക്കിയ കൺസ്യൂമർ നമ്പർ 1167426013174 പ്രകാരം താഴെ പറയുന്ന തെരുവ് വിളക്കുകൾക്കാണ് പഞ്ചായത്ത് പ്രതിമാസം 57078/-

രൂപ അടവാക്കുന്നത്.

| Particular | Watt | Nos | Rate | Burning Hours | Billed Amount |
|---|---|---|---|---|---|
| Ordinary | 40 | 206 | 73 | 12 | 15038 |
| Tube Set | 80 | 100 | 147 | 12 | 14700 |
| S.V.Lamp | 250 | 26 | 492 | 12 | 12792 |
| CFL Set | 11 | 38 | 18 | 12 | 684 |
| CFL Set | 30 | 38 | 48 | 12 | 1824 |
| CFL Set | 44 | 38 | 70 | 12 | 2660 |
| CFL Set | 22 | 268 | 35 | 12 | 9380 |
| | | 714 | | | 57078 |

പഞ്ചായത്തും കെ.എസ്.ഇ.ബിയും സംയുക്തമായി നടത്തിയ പരിശോധനാ റിപ്പോർട്ട് പ്രകാരം (22.9.21) താഴെ പറയും പ്രകാരമാണ് തെരുവ് വിളക്കുകൾ ഉള്ളത്.

| | |
|---|---|
| 18 W | 864 |
| 24 W | 261 |
| 35 W | 200 |
| Total | 1325 |

എന്നാൽ സംയുക്തപരിശോധന റിപ്പോർട്ട് പ്രകാരമുള്ള 1325 LED ബൾബുകൾക്കനുസൃതമായി വൈദ്യുതി ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടില്ല. തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കൈവശമുള്ള കാലഹരണപ്പെട്ടതും കൃത്യതയില്ലാത്തതുമായ കണക്കനുസരിച്ചാണ്. സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമ പഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. വിവിധ ഘട്ടങ്ങളിലായി സാധാരണ ലാമ്പുകൾക്ക് പകരം ട്യൂബ് ലൈറ്റുകളും സി.എഫ്.എല്ലും എൽ.ഇ.ഡി ലാമ്പുകളും സ്ഥാപിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്തിയിട്ടും ഓർഡിനറി ലാമ്പുകൾക്കും ട്യൂബുകൾക്കും വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് ഓഡിറ്റ് സമയത്തും തുടർന്നു വരുന്നുണ്ട്.

താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം 265 LEDതെരുവ് വിളക്കുകൾ 2020-21 ൽ വാങ്ങിയിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | ഇനം | എണ്ണം |
|---|---|---|---|
| 314 | SC കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 24 W LED Street Light Automatic | 86 |
| 1 | തെരുവ് വിളക്കുകൾ വാങ്ങൽ | 24 W LED Street Light Automatic | 179 |

എന്നാൽ മേൽ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ 24 W LED KSEB ഹാജരാക്കിയ ഡിമാന്റ് നോട്ടീസിൽ ഇല്ല. നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾ, ട്യൂബ് ലൈറ്റ്, സോഡിയം വേപ്പർ ലാമ്പ് എന്നിവക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നത് സംയുക്തപരിശോധന റിപ്പോർട്ട് അടിസ്ഥാനമാക്കി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

2. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കി വരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. എല്ലാ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-41 ഐ കെ എം ന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.**

ഐ.കെ.എം ന് വിഹിതം നൽകൽ 2020-21 - എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫോർമേഷൻ കേരള മിഷൻ (അക്കൗണ്ട് നം. 57047023512) ലേക്ക് വിഹിതം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ നമ്പരും പേരും | അടങ്കൽ | ചെലവ് | ബിൽ നം. & തീയതി |
|---|---|---|---|
| 71/21, ഐ.കെ.എം ന് വിഹിതം നൽകൽ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി | 100000 | 90170 | 14/20-21,<br>13-10-20 |

കൈമാറിയ തുകയ്ക്ക് ധനവിനിയോഗ രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (32/21.10.21) നൽകിയെങ്കിലും ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-42 ദിവസവേതന അടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ നിയമിച്ചു**

പഞ്ചായത്തിൽ ദിവസ വേതന അടിസ്ഥാനത്തിൽ ക്ലാർക്ക് ആയി നിയമിച്ചതിന് ശ്രീമതി. ശ്രുതി എന്നിവർക്ക് 11/19 മുതൽ 3/21 വരെ താഴെ പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

| | |
|---|---|
| 11/19 | 17020 |
| 12/19 | 17020 |
| 1/20 | 17760 |
| 2/20 | 17760 |
| 3/20 | 17020 |
| 4/20 | 17760 |
| | |

| | |
|---|---|
| 5/20 | 7400 |
| 6/20 | 17760 |
| 7/20 | 18500 |
| 8/20 | 15015 |
| 9/20 | 16280 |
| 10/20 | 15540 |
| 11/20 | 14060 |
| 12/20 | 19240 |
| 1/21 | 17020 |
| 2/21 | 16280 |
| 3/21 | 17365 |

സ.ഉ(അച്ചടി) നം. 81/2019/ധന/തീയ്യതി 9.7.2019 പ്രകാരം സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസം വരെയുള്ള ദിവസ വേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാണ്. ഈ കാലാവധിക്ക് പുറത്ത് ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃത തസ്തികളാണെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയത് പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/21.10.21) മറുപടിയൊന്നും ഹാജരാക്കിയില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-43 മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.**

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2020-21 വർഷത്തിൽ താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്.

| ബിൽ നമ്പർ | തുക | തീയ്യതി |
|---|---|---|
| 7/20-21 | 180000 | 15.6.20 |
| 34/20-21 | 180000 | 27.3.21 |

വാർഡ് തലസമിതികളിൽ നിന്നും ചെലവ് രേഖകൾ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ആയതിന്റെ വിനിയോഗരേഖകൾ (ഒറിജിനൽ വൗച്ചർ) ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (22/18.10.21) നൽകിയിരുന്നുവെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 360000/- രൂപ തടസ്സപ്പെടുത്തുന്നു.

**1-44 KWA കൈമാറിയ കുടിവെള്ള പദ്ധതികൾ- പഞ്ചായത്തിന് ബാദ്ധ്യതയാവുന്നു**

കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും 11.12.2012ൽ കൈമാറിക്കിട്ടിയ പദ്ധതിയായ "കുമരമ്പുത്തൂർ കുടിവെള്ളപദ്ധതി" പഞ്ചായത്ത് തീരുമാനം നമ്പർ 6(1)/20.10.12 പ്രകാരം നിലവിൽ പഞ്ചായത്ത് പരിപാലിച്ചു വരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിനായി 2020-21 സാമ്പത്തിക വർഷത്തിൽ നിർവ്വഹിച്ച ആവർത്തന ചെലവുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | വൈദ്യുതി ചാർജ്ജ് | അറ്റകുറ്റപണികൾ | മീറ്റർ റീഡറുടെ വേതനം | ആകെ |
|---|---|---|---|---|---|
| 2020-21 | 909970 | 918132 | 172846 | 287593 | 2288541 |

**വെള്ളക്കരം**

ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് പ്രതിമാസം 110 രൂപയാണ് നിലവിൽ ഈടാക്കി വരുന്നത്. നിലവിൽ 2722 ഗുണഭോക്താക്കളാണ് ഉള്ളത്.

**<u>പമ്പ് ഓപ്പറേറ്റർമാർ</u>**

പദ്ധതികളുടെ നടത്തിപ്പിനായി 5 പമ്പ് ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് 715രൂപയാണ് ദിവസ വേതനമായി നൽകുന്നത്.

**<u>വരവ് ചെലവുകൾ തമ്മിൽ വൻഅന്തരം</u>**

വെള്ളക്കരം ഇനത്തിൽ 2020-21 വർഷത്തിലെ വാർഷിക കണക്കുകൾ പ്രകാരം വരവ് 2346036 രൂപയും ചെലവ് 3959357രൂപയുമാണ്. ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാനുള്ള തുക 3916799 രൂപയുമാണ്. (തൻവർഷം-2001880, കുടിശ്ശിക-1914919).

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ലാത്തതിനാലും വെള്ളക്കരം പിരിച്ചെടുക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തുന്നതിനാലും വെള്ളക്കരം ഇനത്തിലെ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

**<u>ഓഡിറ്റ് നിർദ്ദേശം</u>**

1.ഓരോ കുടിവെള്ള പദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

2.വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അധിക ബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

3.സർക്കാർ ഉത്തരവ് (സാധാ.) 1275 /2009 / ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ടു നടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് പ്രവർത്തനക്ഷമമാക്കിയ ശേഷം ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**<u>1-45 അംഗനവാടികൾക്ക് ഷീറ്റ് മേയൽ -ട്രസ്സ് വർക്കിന് അധിക നിരക്ക് അനുവദിച്ചു</u>**

അംഗനവാടികളുടെ ഷീറ്റ് മേയൽ പ്രവർത്തി പരിശോധിച്ചതിൽ പ്രവർത്തി മുഴുവനും സിങ്കിൽ സെക്ഷൻ പെർളിൻ വർക്ക് ആയിട്ടാണ് ചെയ്തിട്ടുള്ളത് ആയതിന് 50.10.2 നിരക്ക്(പൂർണ്ണമായും 50.10.2 (Steel Work For Purlin/Single Section With G I Pipes Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete )മാത്രമാണ് അനുവദനീയം.എന്നാൽ അതിൽ ഒരു ഭാഗത്തിന് 50.10.1 ട്രസ്സ് വർക്കിൻറ നിരക്ക് നൽകിയത് ക്രമപ്രകാരമല്ല. (വെൽഡിങ് കൂടുതലായി ആവശ്യമുള്ള വർക്കുകൾക്ക് മാത്രമാണ് 50.10.1 നിരക്ക്അനുവദനീയം മേൽ പ്രവർത്തി പരിശോധിച്ചതിൽ എവിടെയും അത്തരത്തിൽ ട്രസ്സ് വർക്ക് നടത്തിയതായി കാണുന്നില്ല .ആയതിനാൽ ഐറ്റം (1) ന് 50.10.2 ൻറ നിരക്കായ 106.88/Kg മാത്രമാണ് അനുവദിക്കാവുന്നത് .ഇത്തരത്തിൽ അധിക നിരക്ക് അനുവദിച്ചത് ഉത്തരവാദിയായ കോൺട്രാക്ടർമാരിൽ നിന്ന് ഈടാക്കേണ്ടതാണ് വിശദ വിവരത്തിന് ഖണ്ഡിക 3(1) കാണുക

**<u>1-46 കൃഷി ഓഫീസിന് മീറ്റിങ് ഹാൾ നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല</u>**

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 270/21-കൃഷി ഓഫീസിന് മുകൾ | അടങ്കൽ/ ഫണ്ടിനം-1000000 | 1000000 (തനത് ഫണ്ട് |

| | | | |
|---|---|---|---|
| | വശത്ത് മീറ്റിങ് ഹാൾ | (തനത് ഫണ്ട് -800000 ,MGNR -200000) | 800000 ,MGNR -200000) |
| ചെലവ് | 664712 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 2019-20: -183769 (MGNR) 127/20-21/28.12,20 -16231 ചെക്ക് നം -5175160/31/12/20-464712 | എംബുക്ക് | 135/20-21 |
| എഗ്രിമെൻറ് | 116/AE/LSGD/ KMPR/2019-20/19.12.2019 | കോൺട്രാക്ടർ | മുബാരിസ് |

താഴെപ്പറയുന്ന പ്രവർത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്
1.കെട്ടിടം നിർമ്മിച്ച് ഷീറ്റ് മേയൽ
2.ഫാൾസ് സീലിങ് ചെയ്യൽ
3.ഇലക്ട്രിഫിക്കേഷൻ എന്നിവ
അപാകതകൾ

എന്നാൽ ഫാൾസ് സീലിങ് ചെയ്യൽ, ഇലക്ട്രിഫിക്കേഷൻ എന്നിവ നടത്തിയിട്ടില്ല.പ്രവർത്തി പൂർത്തീകരിച്ച് നാളിതുവരെ ഉപയോഗ യോഗ്യമാക്കിയിട്ടില്ല മോണിട്ടറിങ് റിപ്പോർട്ട് ഇല്ല.പ്രൊജക്ട് തയ്യാറാക്കി ഭാഗീകമായി പദ്ധതി നടപ്പിലാക്കുന്നത് ഒഴിവാക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.നിലവിൽ ഹാൾ ഉപയോഗിക്കാൻ സീലിങ് ,ഇലക്ട്രിഫിക്കേഷൻ എന്നിവ നടത്തിയിട്ടില്ല. പദ്ധതി പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.പദ്ധതി പൂർത്തീകരിച്ച് തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 അംഗനവാടികൾക്ക് ഷീറ്റ് മേയൽ -ട്രസ്സ് വർക്കിന് അധിക നിരക്ക് അനുവദിച്ചു

(1)

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 238/21-അംഗനവാടി പുനരുദ്ധാരണം | അടങ്കൽ/ ഫണ്ടിനം | 750000 (MGNR) |
| ചെലവ് | 739790 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 58/20-21/13.8.20 | എംബുക്ക് | 102/19-20 |
| എഗ്രിമെൻറ് | 128/AE/LSGD/KMPR/19-20/3.1.21 | കോൺട്രാക്ടർ | ജംഷീദ് (669168) |
| | | | |

| | | | |
|---|---|---|---|
| നിർവ്വഹണം | അസി.എൻജിനിയർ | DSR COST INDEX | 31.06% |

മേൽ പ്രവർത്തിയിൽ 3 അംഗനവാടികളിൽ ഷീറ്റ് മേയൽ നടത്തിയതിന് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്
1.പറമ്പുള്ളി അംഗനവാടി (CNO -09) ഐറ്റംനം: (1) 50.10.1 ട്രസ്സ് വർക്ക് -326.07 കി.(പേജ് -2) ഐറ്റംനം: (2)50.10.2 സിങ്കിൾ സെക്ഷൻ -പെർള്ളിൻ വർക്ക് - 174.00 Kg (പേജ് -5)
2.ചക്കരക്കുളമ്പ് അംഗനവാടി (CNO -020 )ഐറ്റംനം: (1) 50.10.1 ട്രസ്സ് വർക്ക്- 281.19 കി (പേജ് 3) ഐറ്റംനം:(2) 50.10.2 സിങ്കിൾ സെക്ഷൻ -പെർള്ളിൻ വർക്ക് -130.50 കി. (പേജ്-5)
3.പുതുക്കടി അംഗനവാടി (CNO -27 )-ഐറ്റംനം: (1) 50.10.1 ട്രസ്സ് വർക്ക് - 212.28 കി. (Page 4) 2 50ഐറ്റംനം(൨)50.10.2 -സിങ്കിൾ സെക്ഷൻ -പെർള്ളിൻ വർക്ക് -130.50 കി. (Pabg-5)

മേൽ പ്രവർത്തിക്ക് ആകെ താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്
(1) ഐറ്റംനം:(1)-50.10.1 @ 131.26/Kg നിരക്കിൽ ആകെ 815.65 Kg യ്ക്ക് -107062/-രൂപ
(2)ഐറ്റംനം:(2)-50.10.2 @ 106.88/Kg നിരക്കിൽ ആകെ 435 Kg യ്ക്ക് – 46492/-രൂപ

എന്നാൽ പ്രവർത്തി പരിശോധിച്ചതിൽ പ്രവർത്തി മുഴവനും സിങ്കിൾ സെക്ഷൻ പെർളിൻ വർക്ക് ആയിട്ടാണ് ചെയ്തിട്ടുള്ളത് ആയതിന് 50.10.2 നിരക്ക് മാത്രമാണ് അനുവദനീയം. എന്നാൽ അതിൽ ഒരു ഭാഗത്തിന് 50.10.1 ട്രസ്സ് വർക്കിന്റെ നിരക്ക് നൽകിയത് ക്രമപ്രകാരമല്ല. (വെൽഡിങ് കൂടുതലായി ആവശ്യമുള്ള വർക്കുകൾക്ക് മാത്രമാണ് 50.10.1 നിരക്ക്അനുവദനീയം മേൽ പ്രവർത്തി പരിശോധിച്ചതിൽ എവിടെയും അത്തരത്തിൽ ട്രസ്സ് വർക്ക് നടത്തിയതായി കാണുന്നില്ല. ആയതിനാൽ ഐറ്റം (1) ന് 50.10.2 ൻറ നിരക്കായ 106.88/Kg മാത്രമാണ് അനുവദിക്കാവുന്നത്. ഇത്തരത്തിൽ അധിക നിരക്ക് അനുവദിച്ചത് ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്.
ഐറ്റം (1) ന് 815.65 Kg യ്ക്ക് @ 106.88 /Kg നിരക്കിൽ 87176.67 രൂപയാണ് അനുവദനായം
അധികം നൽകിയത് -107062-87176 =19886/- രൂപ

(2)

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 127/21-അംഗനവാടി പുനരുദ്ധാരണം | അടങ്കൽ/ ഫണ്ടിനം | 700000 (MGNR) |
| ചെലവ് | 540727 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 191/20-21/29.23.21 | എംബുക്ക് | 133/20-21 |
| എഗ്രിമെൻറ് | 95/AE/LSGD/KMPR/20-21/20.10.20 | കോൺട്രാക്ടർ | ജംഷീദ് (540727) |
| നിർവ്വഹണം | അസി.എൻജിനിയർ | DSR COST INDEX | 31.06% |

മേൽ പ്രവർത്തിയിൽ 3 അംഗനവാടികളിൽ ഷീറ്റ് മേയൽ നടത്തിയതിന് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്
1.കാരാപ്പാടം അംഗനവാടി -ഐറ്റംനം: (1) 50.10.1 ട്രസ്സ് വർക്ക് -
2.ആവണക്കുന്ന് അംഗനവാടി ഐറ്റംനം: (1) 50.10.1 ട്രസ്സ് വർക്ക്-
3.മാങ്കുഴിപ്പാറ അംഗനവാടി -ഐറ്റംനം: (1) 50.10.1 ട്രസ്സ് വർക്ക് -ആകെ 812.27 കിലോയ്ക്ക് ആകെ താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്

(1) ഐറ്റംനം:(1)-50.10.1 @ 131.26/Kg നിരക്കിൽ ആകെ 812.87 Kg സ്റ്റീ -106637.80/-രൂപ
(2)ഐറ്റംനം:(2)-50.10.2 @ 106.88/Kg നിരക്കിൽ ആകെ 457.27kg സ്റ്റീ –48865.65/-രൂപ

എന്നാൽ പ്രവർത്തി പരിശോധിച്ചതിൽ പ്രവർത്തി മുഴവനം സിങ്കിൽ സെക്ഷൻ പെർളിൻ വർക്ക് ആയിട്ടാണ് ചെയ്തിട്ടുള്ളത് ആയതിന് 50.10.2 നിരക്ക് മാത്രമാണ് അനുവദനീയം. എന്നാൽ അതിൽ ഒരു ഭാഗത്തിന് 50.10.1 ട്രസ്സ് വർക്കിന്റെ നിരക്ക് നൽകിയത് ക്രമപ്രകാരമല്ല. (വെൽഡിങ് കൂടുതലായി ആവശ്യമുള്ള വർക്കുകൾക്ക് മാത്രമാണ് 50.10.1 നിരക്ക്അനുവദനീയം മേൽ പ്രവർത്തി പരിശോധിച്ചതിൽ എവിടെയും അത്തരത്തിൽ ട്രസ്സ് വർക്ക് നടത്തിയതായി കാണുന്നില്ല. ആയതിനാൽ ഐറ്റം (1) ന് 50.10.2 ൻറ നിരക്കായ 106.88/Kg മാത്രമാണ് അനുവദിക്കാവുന്നത്. ഇത്തരത്തിൽ അധിക നിരക്ക് അനുവദിച്ചത് ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്.
ഐറ്റം (1) ന് 812.87 Kg സ്റ്റീ @ 106.88 /Kg നിരക്കിൽ 86879/- രൂപയാണ് അനുവദനീയം
അധികം നൽകിയത് -106637.80 – 86879.50 =19758.30/- രൂപ
രണ്ട് പ്രവർത്തികളിലായി അധികമായി നൽകിയ 39644/- രൂപ (19886+19758 ) ഉത്തരവാദികളായ കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം :29/20-21/20.10.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 4.10.2021 മുതൽ 23.10.2021 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 255000 | നെൽകൃഷി -കൂലിച്ചെലവ്(76/21) | 218518 | |
| | 2020-21 | 255000 | നെൽകൃഷി -കൂലിച്ചെലവ്(224/21) | 255000 | |
| | 2020-21 | 300000 | സാന്ത്വന ശുശ്രൂഷ(85/21) | 300000 | 0 |
| | 2019-20 | 100359 | സാന്തന ശുശ്രൂഷ(295/21) | 0 | 100359 |
| | 2020-21 | 6856 | ലൈഫ് പദ്ധതി (340/21) | 6856 | 0 |
| | 2020-21 | 500000 | സ്കോളർഷിപ്പ്(6/21) | 350000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1111229 | ലൈഫ് പദ്ധതി (87/21) | 1111229 | 0 |
| | 2020-21 | 1664360 | ലൈഫ് (SCP)-340/21) | 1664360 | 0 |
| | 2020-21 | 500000 | സ്കോളർഷിപ്പ് ( 6/21) | 500000 | 0 |
| | 2020-21 | 400000 | 101/21-പാലിന് സബ്സീഡി | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 150000 | 223/21-പാലിന് സബ്സീഡി | 150000 | 0 |

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ കൃത്യമായ വരവ്-ചെലവ് കണക്കുകളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്റ്റുകളുടെ തുക ചെലവഴിക്കുകയോ അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 270/21-തറക്കളം കോളനി വൈദ്യുതി ലൈൻ വലിക്കൽ | 30/1-11-20 | 39651 | വിനിയോഗ സാക്ഷ്യപത്രം 2021-22 സാമ്പത്തികവർഷം ലഭ്യമായിട്ടുണ്ട്. |
| KSEB | 297/21 – സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 26/30.09.2020 | 1200000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

(ഡപ്പോസിറ്റ് തുക വാർഷിക കണക്ക് അസറ്റ് & ലയബിലിറ്റിയിൽ AL(B-4) പത്രികയിൽ ചേർത്തിട്ടില്ല)

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് സംബന്ധിച്ച്

ഇല്ല

## 4-5 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പതുക | തൻവർഷം ലഭിച്ചത് | ആകെ അടവാക്കാൻ ബാക്കിയുള്ള വായ്പാ തുക | | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ലൈഫ്-വായ്പ | ലൈഫ്-KURDFC | 36500000 | 2240000 | 31848235 | 34088235 | 2692225 | 0 | 31396010 |

## 4-6 സ്ഥിരനിക്ഷേപം

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവൊന്നുമില്ല

## 4-9 ചാർജ്ജ്/സർചാർജ് നടപടി വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | തുക(രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെവരവ് | 107251264 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 93889963 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 95802 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7190671 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| | | |
|---|---|---|
| 3-1 | 39644 | ശ്രീ.റഷീദ് .ഇ , അസി.എഞ്ചിനിയർ |
| **ആകെ** | **39644** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 238306 | ശ്രീമതി.രാഗിണി എ.ആർ, അസി.സെക്രട്ടറി |
| 1-29 | 202050 | ശ്രീമതി.റംല ബീവി, അസി.സെക്രട്ടറി |
| 1-30 | 5614999 | ശ്രീമതി.രാഗിണി, സെക്രട്ടറി(ചാർജ്ജ് ) |
| 1-34 | 249306 | ശ്രീ.റഷീദ് .ഇ, അസി.എൻജിനിയർ |
| 1-39 | 496010 | ശ്രീമതി.രാഗിണി.എ.ആർ , സെക്രട്ടറി(ചാർജ്ജ്) |
| 1-43 | 360000 | ഡോ.അബ്ദുൾ റഷീദ് , മെഡിക്കൽ ഓഫീസർ, PHC |
| ആകെ | 7190671 | |

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| | | |
|---|---|---|
| 1-31 | 36910 | ശ്രീ.റഷീദ് .ഇ , അസി.എഞ്ചിനിയർ |
| 1-32 | 19248 | ശ്രീ.റഷീദ് .ഇ , അസി.എഞ്ചിനിയർ |
| ആകെ | 56158 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

1-32 – 20800 – ശ്രീ.റഷീദ് .ഇ, അസി.എഞ്ചിനിയർ (സ്റ്റാമ്പ് ഡ്യൂട്ടി)

**ആകെ – 20800**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രാഗിണി.എ.ആർ, സെക്രട്ടറി | സെക്രട്ടറി, കോട്ടോപ്പാടം, ഗ്രാമപഞ്ചായത്ത് | പുനർജന്മം,പുല്ലശ്ശേരി(പി.ഒ), മണ്ണാർക്കാട് പാലക്കാട് ജില്ല-678532 |
| ശ്രീമതി.റംലബീവി അസി.സെക്രട്ടറി | ലഭ്യമല്ല | അമ്പാട്ടുകുന്നേൽ (വീട്) ചുങ്കപ്പാറ ,പത്തനംതിട്ട ജില്ല-686547 |
| ഡോ.അബ്ദുൾ റഷീദ്.V.P MO PHC | മെഡിക്കൽ ഓഫീസർ കുമരമ്പത്തൂർ ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| ശ്രീ.റഷീദ് .ഇ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, കുമരമ്പത്തൂർ ഗ്രാമപഞ്ചായത്ത് | ഇളംപിലാക്കൽ വീട്, ഭീമനാട് (പി.ഒ), പാലക്കാട് ജില്ല-678601 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡികകൾ |
|---|---|---|
| 1996-97 | LFP10-170/99/24.9.09 | മുഴുവനും |
| 1997-98 | LFP10-420/99/09.02.2001 | -Do- |
| 1998-99 | LFP 8653/01/7-12-2001 | -Do- |
| 1999-00 | LFP 886(1)/14/17-11-2014 | -Do- |
| 2000-01 | LFP 886(2)/14/15-11-2014 | -Do- |
| 2001-02 | LFP 8-86(3)/14/7-10-14 | -Do- |
| 2002-03 | LFP 886(4)/14/9-10-14 | -Do- |
| 2003-04 | LFP 886(5)/14/9-10-14 | -Do- |
| 2004-05 | LFP 886(6)/14/20-2-14 | -Do- |
| 2005-06 | LFP 886(7)/14/14-2-14 | -Do- |
| 2006-07 | LFP 886(8)/14/20-2-14 | -Do- |
| 2007-08 | LFP 886(9)14/ 14-2-14 | -Do- |
| 2008-09 | LF P 13-77/13/ 19-2-201319.10.2017. | -Do- |
| 2009-10 | LF P 13-77/13/ 19-2-2013 | -Do- |
| 2010-11 | LFP 13-77/13/ 19-2-2013 | -Do- |
| 2011-12 | LFP 13/2025/14/4-3-2015 | -Do- |
| 2012-13 | LFP 13/883/15/20-8-2015 | -Do- |
| 2013-14<br>2014-15 | KSA-PKD13/1389/16 | -Do- |
| 2015-16 | KSA-PKD-9/152/2017 Dt. 31.1.2017 | -Do- |
| 2016-17 | കെഎസ്എ പികെഡി 9-1687/2017 Dt.19.10.2017 | -Do- |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ-പികെഡ്19-424/2019 Dt.26.04.2019. | -Do- |
| 2018-19 | കെ.എസ്.എ-പികെഡി(9)-1329/2020 Dt.19.1.2021 | 9 |
| 2019-20 | കെ.എസ്.എ-പികെഡി(9)-1367/21/26.11.21 | 5 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്**

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കുമാരംപുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കുമാരംപുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**3**

**വാർഷിക കണക്ക് സംക്ഷിപ്തം**

| | | | |
|---|---|---|---|
| | Kumaramputhur Grama Panchayat<br>**INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | 1-1 | 6430299.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 166940.00 |
| 140000000 | Fee & User Charges | 1-4(b) | 5312306.00 |
| 150000000 | Sale & Hire Charges | 1-5(b) | 206484.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | 1-6 | 161481269.00 |
| 171000000 | Interest Earned | 1-8 | 200782.00 |
| 180000000 | Other Income | 1-9 | 0.0 |
| | Total Income | | 173798080.00 |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-IO(b) | 9337917.00 |
| 220000000 | Administrative Expenses | 1-11(b) | 1657317.00 |
| 230000000 | Operations & Maintenance | 1-12(b) | 2753972.00 |
| 240000000 | Interest & Finance Charges | 1-13 | 931.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | 14 | 5004116.00 |
| 251000000 | Decentralised Plan Programme-Service Sector | I- 14(a) | 66877610.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I— 14(b) | 3873902.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | 1-14(c) | 3165970.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I— 14(d) | 67207000.00 |
| 255000000 | Maintenance Projects | 1-14(e) | 7090222.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | 1-15(a) | 10800.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br><br>Subsidies | 1-15 | 10000.00 |
| 272000000 | Depreciation | 1-17(a) | 11719208.00 |
| | Total Expenditure | | 178708965.00 |
| | Gross Surplus/ Deficit of income over Expenditure | | -4910885.00 |
| 280000000 | Prior Period Item | 1-18 | 92883.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -5003768.00 |
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

| | Kumaramputhur Grama Panchayat<br>**BALANCE SHEET** | | |
|---|---|---|---|
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | -24772407.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund,ʳrrust or Agency Fund | | 0.0 |
| 312000000 | Reserves | B-3 | 96833214.00 |
| | Total Reserve & Surplus | | 72060807.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | 8892194.00 |
| | Total Grants, Contributions for Specific Purposes | | 8892194.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 31396000.00 |
| | Total Loans | | 31396000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | | 516374.00 |
| 350000000 | Other Liabilities | | 1171137.00 |
| | Total Current Liabilities and Provisions | | 1687511.00 |
| | TOTAL LIABILITIES | | 114036512.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 122491549.00 |
| 411000000 | Accumulated Depreciation | B-11 | -63650649.00 |
| 412000000 | Capital Work in Progress | B-ll(a) | 200000.00 |
| | Total Fixed Assets | | 59040900.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B — 14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9129059.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 31396000.00 |
| 450000000 | Cash and Bank Balance | B — 17 | 13361301.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 1109252.00 |
| | | | |

| | | | |
|---|---|---|---|
| | Kumaramputhur Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16922699.00 |
| Cash | Cash | RP-40(a) | 1250.00 |
| | Operating | | |
| 110000000 | Tax Revenue | RP-I | 1401750.00 |
| 140000000 | Fees & User Charges | | 1079206.00 |
| 150000000 | Sale & Hire Charges | RP-5 | 206484.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 68756329.00 |
| 171 oooooo | Interest Earned | RP-9 | 200782.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8547867.00 |
| 350000000 | Other Liabilities | RP-36 | 303207.00 |
| | Non Operating | | |
| 180000000 | Other Income | RP-IO | 0.0 |
| 330000000 | Secured Loans | RP-32 | 2240000.00 |
| 340000000 | Deposits Received | RP-34 | 229665.00 |
| 350000000 | Other Liabilities | RP-36 | 281658.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7065367.00 |
| 460000000 | Loans, Advances and Deposits | RP-47 | 15000.00 |
| | Grand total | | 107251264.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3324870.00 |
| 220000000 | Administrative Expenses | RP-12 | 1657317.00 |
| 230000000 | Operations & Maintenance | RP-13 | 2753972.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4835866.00 |
| 251000000 | Decentralised Plan Programme- Service Sector | RP- 16 | 26319143.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | 17 | 3373902.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 3165970.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 0.0 |
| | | | |